# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉദയനാപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ കെടിഎം പി 6 /1758/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 28/11/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉദയനാപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ കെടിഎം പി 6 /1758/23 തീയ്യതി: 28/11/2023

## കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 05-10-2023 | 13-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-10-2023 | 13-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സുമേഷ് പി വി,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി യു ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ബിനീത് രാജൻ ,ഓഡിറ്റർ
ശ്രീമതി ബീനാകുമാരി ടി വി ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഗിരിജ പുഷ്കരൻ | പ്രസിഡന്റ് | 01-04-2022 | 07-01-2023 |
| ശ്രീമതി പി കെ ആനന്ദവല്ലി | പ്രസിഡന്റ് | 08-01-2023 | 31-03-2023 |
| ശ്രീമതി ആശാ റാണി റ്റി | സെക്രട്ടറി | 01-04-2022 | 17-08-2022 |
| ശ്രീമതി റംല എം.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-08-2022 | 28-08-2022 |
| ശ്രീമതി ആശാ റാണി റ്റി | സെക്രട്ടറി | 29-08-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നീതു രാജശേഖരൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശരത് കൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.സിമി സി.എസ്. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.പ്ലസൻ ജോയ് | മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി. | 01-04-2022 | 31-03-2023 |
| മിനി മോൾ എ.വർഗീസ് | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| പൊന്നമ്മ കെ.ജെ. | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |
| രേഖ ടി.നായർ | അസി.എഞ്ചിയനീയർ | 01-04-2022 | 31-03-2023 |
| അഞ്ജന ആർ.നായർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 25-05-2022 |
| ആതിര എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 06-01-2023 | 16-01-2023 |
| സുചിത്ര സി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 17-01-2023 | 31-03-2023 |
| പ്രവീൺകുമാർ എൽ | വി.ഇ.ഒ, ഉദയനാപുരം | 01-04-2022 | 31-03-2023 |
| പ്രവീൺകുമാർ എൽ | വി.ഇ.ഒ, പടിഞ്ഞാറേക്കര | 01-04-2022 | 16-12-2022 |
| പ്രജിത കെ പി | വി.ഇ.ഒ, പടിഞ്ഞാറേക്കര | 17-12-2022 | 31-03-2023 |
| ഡോ.ധന്യ രവി | മെഡിക്കൽ ഓഫീസർ,ആയൂർവേദം | 01-04-2022 | 23-06-2022 |
| ഡോ.ജയപ്രീതി ഗ്രേസ് ബെല്ല | മെഡിക്കൽ ഓഫീസർ,ആയൂർവേദം | 24-06-2022 | 31-03-2023 |

| | | | |
|---|---|---|---|
| ലിബേഷ് മാത്യു | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2022 | 06-12-2022 |
| അഷിദ മയ്യിൽ | ഡയറി ഫാം ഇൻസ്പെക്ടർ | 07-12-2022 | 31-03-2023 |
| റംല എ വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| റയ്ഹാനത്ത് ബീവി കെ.എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 26-05-2022 | 05-01-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-1 |
| 3 | ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രുവൽ ചെയ്യുന്നില്ല | 1-1-2 |
| 4 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-3 |
| 5 | റേഷ്യോസ് സ്റ്റേറ്റ്മെന്റ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-4 |
| 6 | ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശമില്ല | 1-1-5 |
| 7 | Capital Work In Progress തുക കൃത്യമല്ല, രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല | 1-1-7 |
| 9 | ജനറൽ ഫണ്ട് വിശദാംശം ലഭ്യമല്ല | 1-1-8 |
| 10 | റീകൺസിലിയേഷൻ പൂർത്തീകരിച്ചില്ല. | 1-1-9 |
| 11 | നിക്ഷേപവിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല. | 1-1-10 |
| 12 | എം ജി എൻ ആർ ഇ ജി എസ് - തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | വരവിനങ്ങളിലെ ഡിസിബി കണക്കുകളുടെ കൃത്യത ഉറപ്പാക്കാനായില്ല. | 1-1-12 |
| 14 | വരവിനങ്ങൾ കൃത്യമായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യുന്നില്ല. | 1-1-13 |
| 15 | ആസ്തിയായി അക്കൗണ്ട് ചെയ്ത തുകകളുടെ കൃത്യത ഉറപ്പാക്കാനായില്ല. | 1-1-14 |
| 16 | ബാധ്യതയായി അവശേഷിക്കുന്ന തുകകളുടെ ആധികാരികത ഉറപ്പുവരുത്താനായില്ല. | 1-1-15 |
| 17 | നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. | 1-1-16 |
| 18 | വരവ് കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. | 1-1-17 |
| 19 | മുൻകൂർ തുകകൾ പ്രത്യേക ശീർഷകങ്ങളിൽത്തന്നെ അക്കൗണ്ട് ചെയ്തില്ല. | 1-1-18 |
| 20 | ഗുണഭോക്തൃ വിഹിതം നീക്കിയിരിപ്പ് വിശദാംശങ്ങൾ ലഭ്യമല്ല. | 1-1-19 |
| 21 | കാലിവീപ്പയുടെ വില RP5 ഷെഡ്യൂളിൽ തുക വരവ് വന്നതായി ബുക്ക് ചെയ്തിട്ടില്ല. | 1-1-20 |
| 22 | ശുചിത്വമിഷൻ(PBIG) ഫണ്ട് തനത് ഫണ്ടിലേയ്ക്ക് അക്കൗണ്ട് ചെയ്തു. | 1-1-21 |
| 23 | ബജറ്റ് | 1-2 |
| 24 | സാമ്പത്തികവിശകലനം | 1-3 |
| 25 | ഗ്രാന്റ് വിനിയോഗം | 1-4 |
| 26 | പദ്ധതി അവലോകനം | 1-5 |
| 27 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 28 | ക്ഷേമ പദ്ധതികൾ | 1-7 |
| 29 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |

| | | |
|---|---|---|
| 30 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 31 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | 1-10 |
| 32 | ഗ്രാമപഞ്ചായത്തിൽ ലഭിച്ച ചെക്കുകൾ കാലാവധി കഴിഞ്ഞിട്ടും പണമാക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു | 1-11 |
| 33 | വസ്തുനികുതി നിർണ്ണയത്തിൽ റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തില്ല | 1-12 |
| 34 | മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത | 1-13 |
| 35 | വസ്തുനികുതി പരിഷ്കരണം | 1-14 |
| 36 | കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചപ്പോൾ തറനിർമ്മിതിയുടെ തരം പരിഗണിച്ചില്ല | 1-15 |
| 37 | നികുതി വരവിനങ്ങളിലെ കുടിശ്ശിക | 1-16 |
| 38 | സ്ഥാപന തൊഴിൽനികുതി ഈടക്കിയില്ല. | 1-17 |
| 39 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല. | 1-18 |
| 40 | ലേലം--ലേലത്തുകയ്ക്ക് ആനുപാതികമായ ജി.എസ്.ടി ഈടാക്കിയില്ല. | 1-19 |
| 41 | വിവിധ കമ്മറ്റി തീരുമാനങ്ങൾ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-20 |
| 42 | വാടക--പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-21 |
| 43 | റോഡ് കട്ടിംഗ് - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-22 |
| 44 | പൊതുടാപ്പുകളുടെ വെള്ളക്കരം - അടവ് തുകയുടെ കൃത്യത വ്യക്തമല്ല | 1-23 |
| 45 | കയർ ഗ്രൂപ്പുകൾക്ക് സബ്സിഡി.- ലോൺ തിരിച്ചടവ് വിശദാംശങ്ങൾ ഹാജരാക്കിയില്ല -100000/- തടസ്സപ്പെടുത്തുന്നു. | 1-24 |
| 46 | ജൽജീവൻമിഷൻ - തുടർ വിവരങ്ങൾ ലഭ്യമായില്ല. | 1-25 |
| 47 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ. | 1-26 |
| 48 | ആസ്തി വാങ്ങൽ, ആസ്തി സംരക്ഷണം - തുടർവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-27 |
| 49 | എസ്.സി, എസ്.റ്റി പി.എസ്.സി പരിശീലനം - രേഖകൾ ലഭ്യമായിലൽ. | 1-28 |
| 50 | അങ്കണവാടികളുടെ ഫിറ്റ്നെസ്സ് - തുടർ വിവരങ്ങൾ ലഭ്യമാക്കുക | 1-29 |
| 51 | ആസ്തി വിവരശേഖരണം - അപാകതകൾ. | 1-30 |
| 52 | റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 1-31 |
| 53 | മരുന്നു ലഭ്യമായില്ല. | 1-32 |
| 54 | അഗതിരഹിതകേരളം - പ്രോജക്ട് മന്ദഗതിയിൽ. | 1-33 |
| 55 | കന്നുകുട്ടിപരിപാലനം - വിനിയോഗവിവരം ലഭ്യമായില്ല. | 1-34 |
| 56 | അധിക വിഭവ സമാഹരണം | 1-35 |
| 57 | വിവിധ പ്രോജക്ട് ചെലവുകൾ - വിനിയോഗ വിവരമില്ല. | 1-36 |

| | | |
|---|---|---|
| 58 | പോസ്റ്റ് ഷിഫ്റ്റിംഗ് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-37 |
| 59 | ലൈഫ് ഭവനപദ്ധതി എസ്.റ്റി - പൂർത്തിയാക്കിയില്ല. | 1-38 |
| 60 | ലൈഫ് ഭവനപദ്ധതി (എസ്.സി) - അവലോകനം | 1-39 |
| 61 | ലൈഫ് ഭവന പദ്ധതി അവലോകനം | 1-40 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ. | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ഉദയനാപുരം ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 14/07/2023 തീയതിയിലെ 1(1) തീരുമാനം പ്രകാരം അംഗീകരിച്ച് 15/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഉദയനാപുരം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി ഉടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ

വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്

1-1-2 ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രൂവൽ ചെയ്യുന്നില്ല

01/04/2022 ൽ ILGMS സോഫ്റ്റ്‌വെയർ ആരംഭിച്ചതിനു ശേഷം പഞ്ചായത്ത് ഫണ്ടിൽ നിന്ന് നേരിട്ട് നടത്തുന്ന ചെലവുകൾ (ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പിൻവലിക്കലുകൾ) അക്രൂവൽ ആയിട്ടാണ് അക്കൗണ്ട് ചെയ്യുന്നത്. 2022-23 വർഷത്തെ കണ്ടിജന്റ് ചെലവുകൾ എല്ലാം 350109999-Amount Payable To Other Creditors എന്ന ശീർഷകത്തിലേക്ക് അക്രൂവലായി അക്കൗണ്ട് ചെയ്ത ശേഷമാണ് ചെലവ് ചെയ്തിരിക്കുന്നത്. തൻവർഷം 1.75 കോടിയോളം രൂപ ടി ശീർഷകത്തിലേക്ക് അക്രൂവൽ ചെയ്യുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ഇനം തിരിച്ച് തന്നെ ബാധ്യത ശീർഷകങ്ങൾ ലഭ്യമായിരുന്നിട്ടും മേൽപറഞ്ഞ ഒരു ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്.

1-1-3 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 31/03/2023 ബാലൻസ് ഷീറ്റ് 350300199, 350400501, 350400999 ശീർഷകങ്ങളിൽ നിലനിൽക്കുന്നത് എന്തിനം ബാധ്യതയാണെന്നതിൽ വ്യക്തതയില്ല. കൂടാതെ വിവിധ നികുതി-നികുതിയേതര വരവുകൾ മുൻകൂറായി ലഭിക്കുന്നവയുടെ വിവരവും അവയുടെ ക്രമീകരിക്കലും ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി അവയുടെ ക്രമീകരിക്കൽ നിരീക്ഷിക്കുന്നില്ല. പഞ്ചായത്ത് ഫണ്ടിൽ ബാധ്യതയായി നിലനിൽക്കുന്ന മറ്റ് ഏജൻസികൾക്ക് നൽകാനുള്ള തുകകൾ മുൻകൂർ വരവുകൾ എന്നിവയുടെ വിനിമയം രജിസ്റ്റർ സൂക്ഷിച്ച് നിരീക്ഷിക്കേണ്ടതാണ്. എന്താണെന്ന് വ്യക്തതയില്ലാതെ നിലനിൽക്കുന്ന ബാധ്യതകൾ എന്താണ് എന്ന് കണ്ടെത്തി ILGMS-ൽ അവ കൃത്യമായി ശീർഷകങ്ങളിലേക്ക് അക്കൗണ്ട് ചെയ്യേണ്ടതാണ്.

1-1-4 റേഷ്യോസ് സ്റ്റേറ്റ്മെന്റ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം വാർഷിക കണക്കുകളോടൊപ്പം സമർപ്പിക്കേണ്ടിയിരുന്ന റേഷ്യോസ് സമർപ്പിച്ചിട്ടില്ല.

1-1-5 ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശമില്ല

2022-23 ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്യപ്പെട്ട 71.68 ലക്ഷം രൂപയുടെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ സെക്രട്ടറി വ്യക്തമാക്കിയിട്ടില്ല

1-1-6 Capital Work In Progress തുക കൃത്യമല്ല, രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. 31/03/23ലെ ബാലൻസ് ഷീറ്റ് പ്രകാരം 1498583 രൂപയുടെ ആധികാരികത വ്യക്തമല്ല. രജിസ്റ്റർ സൂക്ഷിച്ച് ഇടപാടുകൾ നിരീക്ഷിക്കാത്തതിനാൽ പാർട്ട് ബില്ലും ക്രമീകരണവും കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടോ എന്നതിൽ വ്യക്തതയില്ല

1-1-7 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

1-1-8 ജനറൽ ഫണ്ട് വിശദാംശം ലഭ്യമല്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

1-1-9 റീകൺസിലിയേഷൻ പൂർത്തീകരിച്ചില്ല.

ബി 17 ഷെഡ്യൂൾ പ്രകാരം 450210104 Sub Treasury Vaikom (13) ട്രഷറി അക്കൗണ്ടിന്റെ റീകൺസിലിയേഷൻ പൂർത്തീകരിച്ചതായി കാണുന്നില്ല.

1-1-10 നിക്ഷേപവിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല.

പ്രോജക്ട് നം 106/23 ജലജീവൻ മിഷൻ പഞ്ചായത്ത് വിഹിതം എന്ന പ്രോജക്ട് പ്രകാരം കേരള വാട്ടർ അതോറിട്ടിയിൽ നിക്ഷേപം നടത്തിയ 1036634 രൂപയിൽ 300000 രൂപയുടെ വിവരങ്ങൾ വാർഷിക ധനകാര്യപത്രിക ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-11 എം ജി എൻ ആർ ഇ ജി എസ് - തുകകൾ പൊരുത്തപ്പെടുന്നില്ല

എം ജി എൻ ആർ ഇ ജി എസ് വരവ് ചെലവ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

1-1-12 വരവിനങ്ങളിലെ ഡിസിബി കണക്കുകളുടെ കൃത്യത ഉറപ്പാക്കാനായില്ല.

തൊഴിൽ നികുതി, വാടക, മാർക്കറ്റ് വരവിനങ്ങളിലെ ഡിസിബി കണക്കുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകൾ, രേഖകൾ ലഭ്യമാക്കിയില്ല.

1-1-13 വരവിനങ്ങൾ കൃത്യമായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യുന്നില്ല.

ലേലമിനത്തിലുള്ള വരവായ 32600 രൂപ രൂപ 180800105 Receipts From Panchayath Schools എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1-1-14 ആസ്തിയായി അക്കൗണ്ട് ചെയ്ത തുകകളുടെ കൃത്യത ഉറപ്പാക്കാനായില്ല.

ബി 11 ഷെഡ്യൂളിൽ 414120002 – Public Drinking Water Programmes – New Open Well ശീർഷകത്തിൽ അക്കൗണ്ട് ചെയ്ത 458466 രൂപ,415110003 – Bridges – New Bridges ശീർഷകത്തിൽ അക്കൗണ്ട് ചെയ്ത 97516 രൂപ എന്നിവയുടെ കൃത്യത വ്യക്തമാക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

1-1-15 ബാധ്യതയായി അവശേഷിക്കുന്ന തുകകളുടെ ആധികാരികത ഉറപ്പുവരുത്താനായില്ല.

ബി 4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കുള്ള ബ്ലോക്ക് വിഹിതമായി 1136601 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 287336 രൂപയും ബാധ്യതയായി അവശേഷിക്കുന്നുണ്ട്. സംയുക്ത പ്രോജക്ടുകൾക്കുള്ള ട്രഷറി അക്കൗണ്ടിൽ (799011400001231) നീക്കിയിരിപ്പില്ല. മേൽ അക്കൗണ്ടിൽ അവശേഷിച്ചിരുന്ന 825619 രൂപ 20.03.2023 ൽ സർക്കാർ തിരികെ ഈടാക്കി. ബി 4 ഷെഡ്യൂൾ പ്രകാരമുള്ള തുകയുടെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല. റിഡംപ്ഷൻ ഇനത്തിലുള്ള വരവ് ചെലവ് കണക്കുകളുടെ കൃത്യത ഉറപ്പാക്കിയിട്ടില്ല.

1-1-16 നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

Prior Period Income/Expenditure വിവരം നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

1-1-17 വരവ് കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

തൻവർഷം ഹെൽത്ത് ഗ്രാന്റ് ശീർഷകത്തിൽ ലഭ്യമായ തുകകൾ തെറ്റായ ശീർഷകത്തിലാണ് വരവായി അക്കൗണ്ട് ചെയ്തത് .

1-1-18 മുൻകൂർ തുകകൾ പ്രത്യേക ശീർഷകങ്ങളിൽത്തന്നെ അക്കൗണ്ട് ചെയ്തില്ല.

അഡ്വാൻസ് രജിസ്റ്റർ പ്രകാരം Advance To Others, Other Advances ,Advance To Implementing Officers എന്നീ ശീർഷകങ്ങളിലെ 31/03/2023 ലെ നീക്കിയിരിപ്പ് തുക പ്രേരക് മാർക്ക് നൽകിയ ഓണറേറിയം,മഴക്കാലപൂർവ്വശുചീകരണം,തൊഴിലുറപ്പ് പദ്ധതി എന്നീ ശീർഷകങ്ങളിൽ ഉൾപ്പെട്ടവയാണ്. ആയവ പ്രത്യേക ശീർഷകങ്ങളിൽത്തന്നെ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.

1-1-19 ഗുണഭോക്തൃ വിഹിതം നീക്കിയിരിപ്പ് വിശദാംശങ്ങൾ ലഭ്യമല്ല.

ഗുണഭോക്തൃ വിഹിതം 31/03/2023 ൽ നിലനിൽക്കുന്ന നീക്കിയിരിപ്പ് 386999/- രൂപ ഏതെല്ലാം നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഏത് വർഷങ്ങളിലെ പ്രോജക്ടുകൾക്ക് ലഭിച്ചതാണ് എന്നതിന്റെ വിശദാംശം എ.സി.ആറിൽ ചേർത്തിട്ടില്ല.

1-1-20 കാലിവീപ്പയുടെ വില RP5 ഷെഡ്യൂളിൽ തുക വരവ് വന്നതായി ബുക്ക് ചെയ്തിട്ടില്ല.

2022-23 വർഷത്തെ വിവിധ പ്രോജക്ടുകളിൽ നിന്ന് കാലിവീപ്പയുടെ വിലയും ജി.എസ്.റ്റിയുമുൾപ്പെടെ 62232/- രൂപ ( 52534 + 9878 GST ) തനത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക കണക്കിൽ RP5 ഷെഡ്യൂളിൽ ടി തുക വരവ് വന്നതായി ബുക്ക് ചെയ്തിട്ടില്ല.

1-1-21 ശുചിത്വമിഷൻ(PBIG) ഫണ്ട് തനത് ഫണ്ടിലേയ്ക്ക് അക്കൗണ്ട് ചെയ്തു.

RP 30 320300199 ശീർഷകത്തിൽ അക്കൗണ്ട് ചെയ്ത 96522 രൂപ വൈക്കപ്രയാർ സ്കൂൾ ടോയ്‌ലെറ്റ് നിർമ്മാണം എന്ന പ്രോജക്ടിനായി (53/23- ശുചിത്വമിഷൻ(PBIG) ഫണ്ട്) അലോട്ട്മെന്റ് ചെയ്ത തുകയിലെ അധിക അലോട്ട്മെന്റ് അസി.എഞ്ചിനീയർ തിരികെ അടവാക്കിയ തുകയാണ്.മേൽ തുക തനത് ഫണ്ടിലാണ് അക്കൗണ്ട് ചെയ്തത്.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 25.03.2022 തീയതിയിലെ I/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 15.03.2023 തീയതിയിലെ 3-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള വരവ് ചെലവ് കണക്ക് ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 1293755 | 1222903 |
| വരവ് | 182637048 | 233441250 |
| ആകെ | 183930803 | 234664153 |
| ചെലവ് | 182707900 | 233391153 |
| നീക്കിയിരിപ്പ് | 1222903 | 1273000 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുക മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിലുള്ള വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഇപ്രകാരമുള്ള ഉപ-ശീർഷകങ്ങളായി (Sub-Head) അലോട്ട്മെന്റുകൾ കൂടി കണക്കാക്കി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-3 സാമ്പത്തികവിശകലനം

റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 11810573 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43089547 |
| ആകെ | 54900120 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 35886476 |
| നീക്കിയിരിപ്പ് | 19013644 |

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

| ഇനം | തുക |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം | 193754814 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 199902958 |
| വരുമാനമിച്ചം | -6179054 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | -7316 |
| അറ്റ പ്രവർത്തന നഷ്ടം | 30910 |

ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2705627 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 26675000 | 26675000 | 24192360 | 2482640 | 91 |
| വികസനഫണ്ട് എസ്.സി.പി. | 0 | 11384000 | 11384000 | 9578268 | 1805732 | 84 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6260000 | 6260000 | 4116525 | 2143475 | 66 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 8276000 | 8276000 | 4207625 | 4068375 | 51 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied) | 0 | 4177103 | 4177103 | 2583081 | 1594022 | 62 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) | 5115457 | 10906040 | 16021497 | 5359755 | 10661742 | 33 |
| ഐ.സി.ഡി. എസ്. | 663403 | 723138 | 1386541 | 963411 | 423130 | |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രവിഹിതം | | | | | | |
| ശുചിത്വമിഷൻ ഗ്രാന്റ് | 139300 | 0 | 139300 | 0 | 139300 | |
| ടി എസ് സി | 968256 | 0 | 968256 | 0 | 968256 | |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | 351200 | 0 | 351200 | 0 | 351200 | |
| സാക്ഷരത | 9268 | 253 | 9521 | 0 | 9521 | |
| ഹെൽത്ത് ഗ്രാന്റ് 1 | 0 | 136743 | 136743 | 0 | 136743 | |
| ഹെൽത്ത് ഗ്രാന്റ് 2 | 0 | 268341 | 268341 | 260816 | 7525 | |

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 4872747/-രൂപ, 1165383/-രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 211/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | 1910774 | വികസനഫണ്ട് പൊതുവിഭാഗം |
| 218/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | 1910773 | വികസനഫണ്ട് പൊതുവിഭാഗം |
| 208/23 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 350400 | വികസനഫണ്ട് പൊതുവിഭാഗം |
| 209/23 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 350400 | വികസനഫണ്ട് പൊതുവിഭാഗം |
| 217/23 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 350400 | വികസനഫണ്ട് പൊതുവിഭാഗം |
| ആകെ | 4872747 | |
| 212/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി.) | 582693 | വികസനഫണ്ട് എസ്.സി.പി. |
| 219/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി.) | 582693 | വികസനഫണ്ട് എസ്.സി.പി. |

| | | |
|---|---|---|
| ആകെ | 1165386 | |

ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ഉൾപ്പെടുന്ന 2022-23 വർഷത്തെ പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 295877 രൂപ വരവായി എ.സി.ആറിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. മേൽ അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായാണ് അനുബന്ധം 2 ആയിട്ടുള്ള ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) ഒന്നാം വാർഷിക പദ്ധതിയ്ക്ക് (2022-23)ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 82898/22/DPC/DPO/KTM തീയതി 06-03-2023 പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി രൂപീകരണ ഗ്രാമസഭ | 23.5.22 മുതൽ 28.5.22 വരെ |
| വർക്കിംഗ് ഗ്രൂപ്പ് യോഗം പുനസംഘടിപ്പിച്ചത് | 29.12.21 |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | 23.8.22 മുതൽ 31.8.22 വരെ |
| വികസന സെമിനാർ | 10.6.22 |
| ഊരുകൂട്ടയോഗം | 19.3.22, 18.1.23 |
| വയോജന ഗ്രാമസഭ | 2.1.22, 23.1.23 |
| പ്രൊക്യൂർമെന്റ് കമ്മിറ്റി | 1.10.22, 25.10.22, 25.11.22, 1.12.22, 23.2.23 |

2022-23 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 3173544 | 2993694 | 94.3 |
| വെറ്ററിനറി സർജൻ | 7 | 7 | 5565000 | 3261333 | 58.6 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 8 | 8 | 3165762 | 2641244 | 83.4 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 240000 | 240000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 1100000 | 1100000 | 100 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ 1 | 15 | 14 | 64463437 | 3300735 | 5 |
| വി.ഇ.ഒ 2 | 12 | 12 | 34260800 | 7557024 | 22 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 7 | 4836139 | 4190982 | 86.6 |
| സെക്രട്ടറി | 35 | 28 | 16193720 | 12117705 | 74.8 |
| അസി.എഞ്ചിനീയർ | 63 | 35 | 34094546 | 13541487 | 39 |
| ഹെഡ്മാസ്റ്റർ | 6 | 6 | 2369000 | 1597972 | 67 |
| ഡയറിഫാം ഇൻസ്പക്ടർ | 4 | 4 | 2130000 | 1797500 | 84.3 |
| അസി.സെക്രട്ടറി | 12 | 12 | 32367382 | 5610598 | 17.3 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 3 | 3 | 504000 | 371367 | 73.6 |
| ആകെ | 188 | 151 | 204463330 | 60321641 | 29.5 |

വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയത് 14 നിർവ്വഹണോദ്യോഗസ്ഥരാണ്. 204463330 രൂപ അടങ്കൽ നിശ്ചയിച്ച വാർഷിക പദ്ധതിയിലുൾപ്പെടുത്തി തൻവർഷം 60321641 രൂപയാണ് ചെലവഴിക്കാനായത്. വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുകയിൽ 29.5% മാത്രമാണ് തൻവർഷം ചെലവഴിച്ചത്. അസി.എഞ്ചിനീയറെ നിർവ്വഹണത്തിന് ഏൽപ്പിച്ചിരുന്ന 63 പ്രോജക്ടുകളിൽ 35 എണ്ണം മാത്രമാണ് പൂർത്തിയാക്കി ബില്ല് മാറിയത്. അസി.എഞ്ചിനീയർക്ക് 39% തുക മാത്രമാണ് ചെലവഴിക്കാനായത്. മെയിന്റനൻസ്ഗ്രാന്റ് (റോഡ്) വിഭാഗത്തിൽ നിന്നും തൻവർഷം ചെലവഴിക്കാനാവാതെ നഷ്ടപ്പെടുത്തിയത് 2143475/- രൂപയാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ റോഡുകളുടെ മെയിന്റനൻസിനായി വിനിയോഗിക്കേണ്ടിയിരുന്ന തുക ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയത് ഭരണസമിതിയുടെയും, എഞ്ചിനീയറിംഗ് വിംഗിന്റെയും ഭാഗത്തുനിന്നുണ്ടായ അലംഭാവമാണ്.

രണ്ട് വി.ഇ.ഒ മാർ തൻവർഷം പ്രോജക്റ്റ് നിർവ്വഹിച്ചു. ലൈഫ് ഭവനപദ്ധതിക്കായി ജില്ലാപഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത്, സംസ്ഥാനാവിഷ്കൃത വിഹിതങ്ങളായി വലിയ തുകകൾ വകയിരുത്തിയെങ്കിലും ആയത് ലഭിക്കാതിരുന്നത് വി.ഇ.ഒ, അസി.സെക്രട്ടറി എന്നിവരുടെ ചെലവ് ശതമാനം കുറയാൻ കാരണമായി.

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തിയാക്കുന്നുണ്ടെന്ന് അതാതുവർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 1,41,35,915 രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു

തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട്-ജനറൽ | 2482640 |
| എസ് സിപി | 1805732 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 2143475 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 4068375 |
| സി.എഫ്.സി ടൈഡ് | 3457467 |
| സി എഫ്.സി അൺടൈഡ് | 178226 |
| ആകെ | 14135915 |

ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി

പൂർത്തീകരിക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ നിലവിലെ അവസ്ഥയും പതിനാലാം പഞ്ചവത്സരക്കാലയളവിൽ കൈവരിക്കാവുന്ന വികസന ലക്ഷ്യങ്ങൾ സംബന്ധിച്ചുള്ള സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള വികസന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ വേണ്ട നടപടികൾ ഭരണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടാവേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലെയും തൊഴിലാളികളെ ഉൾപ്പെടുത്തി തൊഴിലുറപ്പ് പദ്ധതിയുടെ 2022-23 വർഷത്തെ ലേബർ ഗ്രാമസഭ കൂടുകയും 17 വാർഡുകളിലും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷം പുതുതായി 41 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകി. ലേബർ ബജറ്റ് പ്രകാരം ആകെ 2208 പദ്ധതികൾ വിഭാവനം ചെയ്തതിൽ 484 പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി ലഭിക്കുകയും 213 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ചെയ്തു. 198385 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2735 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. വൃക്ഷ തൈ നടീൽ, ഭൂവികസന പ്രവർത്തികൾ, തോടുകളുടെയും കുളങ്ങളുടെയും പുനരുദ്ധാരണം മുതലായ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2022-23 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 47534.36 | 1548046 | 1595580 | 1595580 | .36 |
| തൊഴിലാളികൾക്ക് നേരിട്ട് നൽകിയത് | 0 | 72030649 | 72030649 | 72030649 | |
| | 47534.36 | 73578695.36 | 73626229 | 73626229 | .36 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 7475600 | 716 |
| വിധവാപെൻഷൻ | 9497000 | 977 |
| വാർദ്ധക്യകാലപെൻഷൻ | 25156500 | 2924 |
| വികലാംഗപെൻഷൻ | 3752800 | 359 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത പെൻഷൻ | 871600 | 85 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 450000 | 15 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.10.2023 ന് 3.00 പി എം ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 44526/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു. ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണസംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാന നിർവ്വഹണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് ഗ്രാമ പഞ്ചായത്തിലെ മൊത്തത്തിലുള്ള ജോലി വിഭജനം നിർണ്ണയിക്കുന്നതിനും അവയിലെ അപാകത പരിഹരിക്കുന്നതിനുമുള്ള നടപടികൾ അധികൃതർ സ്വീകരിച്ചിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം

01.04.2022 മുതൽ ILGMS സംവിധാനം.വരവിനങ്ങൾ അക്കൗണ്ട് ചെയ്യുമ്പോൾ കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നില്ലെന്ന് കാണുന്നു.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

ഓരോ ഇടപാടുകൾ സംബന്ധിച്ചും ഫലപ്രദമായ കാഷ്/ബാങ്ക് നിയന്ത്രണത്തിൽ അപാകതകൾ നിലവിലില്ല. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ, ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ബാങ്ക് സംബന്ധിച്ച വ്യക്തമായ നിയന്ത്രണ സംവിധാനം നിലവിലുണ്ട്.

4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. എങ്കിലും വസ്തുനികുതി ഉൾപ്പെടെയുള്ള വരവിനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്. വിവിധ വസ്തുവകകളുടെ ലേലം സംബന്ധിച്ച് പഞ്ചായത്ത് കമ്മറ്റി കൈകൊണ്ട തീരുമാനങ്ങളിൽ തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. വിവിധ വരവിനങ്ങളുടെ ഡിസിബി തയ്യാറാക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ/രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

5) വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം

പ്രൊക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടിയ പ്രോക്യൂർമെന്റ് മാനവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും മാത്രമാണ് നടത്തിയിട്ടുള്ളത്. വിവിധ പ്രവൃത്തികളുടെ മോണിട്ടറിംഗിൽ വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി ഇടപെടുന്നില്ല.

6) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

7) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. R- TRACK ആപ്പ് ഉപയോഗിച്ചുള്ള റോഡ് ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയിട്ടില്ല.

8) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)-പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.05.2017-08.06.2018 | 2012-13 മുതൽ 2016-17 വരെ | LBA(HE)11/8A-2637/17/18/125 |
| പെർഫോർമൻസ് ഓഡിറ്റ് | 24.06.2022 | 21-22 | ലഭ്യമായില്ല |

1-11 ഗ്രാമപഞ്ചായത്തിൽ ലഭിച്ച ചെക്കുകൾ കാലാവധി കഴിഞ്ഞിട്ടും പണമാക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു

ഉദയനാപുരം ഗ്രാമപഞ്ചായത്തിലെ മാർച്ച് 2023 ലെ റക്കൺസിലീയേഷൻ പത്രിക പരിശോധിച്ചതിൽ പഞ്ചായത്തിന്റെ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ ചുവടെ ചേർക്കുന്ന ചെക്കുകൾ കാലാവധി കഴിഞ്ഞതിനാൽ പണമാക്കി അക്കൗണ്ട് ചെയ്യാത്തതായി കാണുന്നു.

| Voucher No | Voucher Date | Instrument No | Instrument Date | Narration Amount |
|---|---|---|---|---|
| SCB OWN FUND 59 UDAYANAPURAM SERVICE CO-OPERATIVE BANK,VALLKOM BRANCH( 59 ) Cheque Deposited But Not Cleared | | | | |
| 121010400002 | 05.07.2021 | 313415 | 30-04-2022 | 10,000.00 |
| 1200012101 | 30-04-2022 | -- | 30-04-2022 | 5,750.00 |
| 121170900160 | 28-02-2022 | - | 30-04-2022 | 2,627.00 |
| 121010500001 | 08-04-2021 | 312943 | 30-04-2022 | 1000 |
| LGTSB OWNFUND, VAIKOM ( 799013000000051 ) Cheque Deposited But Not Cleared | | | | |
| 120170900030 | 30-03-2021 | | 30-04-2022 | 4,350.00 |
| 32000046 | 31-03-2020 | | 30-04-2022 | 46,250.00 |
| | ആകെ | | | 69977 |

Reserve Bank Of India യുടെ DBOD.AML BC.No.47/ 14.01.001/2011-12 സർക്കുലർ പ്രകാരം ചെക്കുകളുടെ കാലാവധി 3 മാസം ആണ്. 2020 ലുള്ള ചെക്കുകൾ പണമാക്കാത്തതായി റക്കൺസിലീയേഷൻ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/07.10.2023) ലഭ്യമാക്കിയ മറുപടിയിൽ ചെക്ക് സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണെന്ന്

അറിയിച്ചു.

മേൽ ചെക്കുകൾ സംബന്ധിച്ച് സർവീസ് സഹകരണബാങ്ക്, ട്രഷറി എന്നിവയിൽ നിന്നും വിശദാംശം തേടേണ്ടതും ഗ്രാമപഞ്ചായത്തിന്റെ വരുമാനം 69977/- രൂപ ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിയ്ക്കേണ്ടതും രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-12 വസ്തുനികുതി നിർണ്ണയത്തിൽ റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തില്ല

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) 2011ചട്ടം 6 പ്രകാരം വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ 20% വർദ്ധന വരുത്താവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തതായി കാണുന്നില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ/കെട്ടിടത്തിന്റെ തരം/ഉടമയുടെ പേര് | കെട്ടിടം സ്ഥിതി ചെയ്യുന്ന റോഡിന്റെ പേരും തരവും | വിസ്തീർണ്ണം(ച മീ) വസ്തു നികുതി നിരക്ക് | നിലവിൽ ഈടാക്കുന്ന അടിസ്ഥാന വസ്തുനികുതി | അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ടിയിരുന്ന വർദ്ധന |
|---|---|---|---|---|---|
| 1 | 163/13 പാർപ്പിടാവശ്യം കാർത്തികേയൻ പറമ്പത്ത് | വൈക്കം ഉദയനാപുരം റോഡ് (5 മീറ്ററിലധികം) | 238/6 രൂപ | 1428 | 286 |
| 2 | 13/3 വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ ബി ബിനുമോൻ ടി എസ് | നാനാടം കണ്ടത്തിപ്പറമ്പ് റോഡ്(5 മീറ്ററിലധികം) | 27.84/50രൂപ | 1392 | 278 |

വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/10.10.23) ലഭ്യമാക്കിയ മറുപടിയിൽ വസ്തുനികുതി പരിഷ്കരിക്കുന്നതാണെന്ന് അറിയിച്ചു. ചട്ടപ്രകാരം നികുതി പരിഷ്കരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത

മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയത്തിന് കണക്കിലെടുക്കുന്ന ഭാഗങ്ങൾ സംബന്ധിച്ച് തദ്ദേശ ഭരണ വകുപ്പിന്റെ 26/02/2022 ലെ ആർ.ഡി.3/94/2020 നം. സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. മൊബൈൽ ടവറുകളുടെ പ്രവർത്തനത്തിന് ജനറേറ്റർ, മറ്റ് ഉപകരണങ്ങൾ എന്നിവ അനിവാര്യമായതിനാൽ ടവറുകളുടെ നികുതി നിർണ്ണയിക്കുന്നതിന് ടവർ ബേസ് വിസ്തീർണ്ണം, ജനറേറ്റർ, മറ്റ് ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം എന്നിവ കണക്കിലെടുക്കേണ്ടതാണെന്ന് മേൽ സർക്കുലറിൽ വ്യക്തമാക്കുന്നു. വസ്തുനികുതി നിർണ്ണയ ഫയൽ,സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവയിൽ നടത്തിയ പരിശോധനയിൽ ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ ബേസ് വിസ്തീർണ്ണം, ജനറേറ്റർ, മറ്റ് ഉപകരണങ്ങൾ എന്നിവ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം എന്നിവ വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഉപയോഗക്രമത്തിൽ ഗോഡൗണുകൾ എന്ന ഉപയോഗക്രമത്തിൽ നിർണ്ണയിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ

ചേർക്കുന്നു

| മൊബൈൽ ടവർ/വാർഡ് /കെട്ടിട നമ്പർ | ആകെ പ്ലിന്ത് ഏരിയ (ച.മീ) | റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്ന ഉപയോഗക്രമത്തിൽ (50/- രൂപ) നികുതി നിർണ്ണയം നടത്തിയ പ്ലിന്ത് ഏരിയ (ച.മീ) | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി | മൊബൈൽ ടവർ ഉപയോഗക്രമത്തിലുള്ള അടിസ്ഥാനവസ്തുനികുതി (500/- രൂപ) | അടിസ്ഥാന വസ്തുനികുതിയിൽ മാത്രമുള്ള നഷ്ടം |
|---|---|---|---|---|---|
| റിലയൻസ് ജിയോ ഇൻഫ്രാടെൽ പ്രൈ.ലിമിറ്റഡ് /2/478 D ,B | 25.72 | 4.1 | 205/- | 2050 | 1845 |
| സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ടക്ചർ ലിമി./15/298 A,B | 25.72 | 4.1, | 205/ | 2050 | 1845 |

അടിസ്ഥാന വസ്തുനികുതി നിർണ്ണയത്തിലെ അപാകത മൂലം പഞ്ചായത്തിന് നികുതി വരുമന നഷ്ടവും ഉണ്ടായിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/11.10.23) തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. വസ്തുനികുതി പരിഷ്കരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി പരിഷ്കരണം

വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് ഉദയനാപുരം ഗ്രാമപഞ്ചായത്ത് ഭരണസമിതി 15/05/2023 ലെ 5/1 നം. തീരുമാന പ്രകാരം നികുതി നിരക്ക് നിർണ്ണയിച്ച് അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരമുള്ള നികുതി നിരക്കുകൾ 09-06-23- ലെ എസ്.സി2-394/2023. നം. കരട് വിജ്ഞാപന പ്രകാരം ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനായി 30 ദിവസ കാലയളവ് നൽകി പ്രസിദ്ധീകരിച്ചിട്ടുണ്ട്. നികുതി പരിഷ്കരണ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ നിലവിൽ 2023-24 വർഷത്തെ നികുതി പഴയ നിരക്കിലാണ് ഈടാക്കി വരുന്നത്.

വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ കാര്യത്തിൽ 200 ച.മീ നു മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ബാധകമായ നിരക്ക് 80 രൂപയായിരുന്നു. എന്നാൽ പുതുക്കിയ നിരക്ക് പ്രകാരം 100 ച.മീ മുതൽ 500 ച.മീ വരെയുള്ള കെട്ടിടങ്ങൾക്ക് പുതുക്കിയ നികുതി നിരക്ക് 70 രൂപയാണ്. ആയതു പ്രകാരം 200 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളുടെ നികുതി നിരക്കിൽ കുറവ് വന്നതായി കാണുന്നു. വസ്തു നികുതി പുതുക്കി നിശ്ചയിക്കുമ്പോൾ ഇപ്രകാരം പഴയ നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക്/അതേ നിരക്ക് നിശ്ചയിക്കുന്നതു വഴി മേൽ കെട്ടിടങ്ങളുടെ കാര്യത്തിൽ നികുതി വർദ്ധനവ് സാധ്യമാകുമോ എന്നതിൽ അവ്യക്തതയുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/11.10.2023) ലഭ്യമാക്കിയ മറപടിയിൽ പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചപ്പോൾ തറനിർമ്മിതിയുടെ തരം പരിഗണിച്ചില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും) ചട്ടങ്ങളിലെ ചട്ടം-6 ലെ പട്ടിക-6 പ്രകാരം മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൻമേൽ 15% വർദ്ധനവ് നൽകേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചപ്പോൾ തറനിർമ്മിതിയുടെ തരം പരിഗണിച്ചതായി കാണുന്നില്ല. തറനിർമ്മിതിയുടെ തരം സംബന്ധിച്ച് അപേക്ഷകൻ ലഭ്യമാക്കിയ ഫാറം 2 ലോ പഞ്ചായത്തിന്റെ അന്വേഷണ റിപ്പോർട്ടിലോ രേഖപ്പെടുത്തലില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം.,വാർഡ് ഉടമയുടെ പേര് | വിസ്തീർണ്ണം (ച.മീ.) | കെട്ടിടത്തിന്റെ തരം/ നികുതിനിരക്ക് | നിർണ്ണയിച്ച അടിസ്ഥാനവസ്തുനികുതി | നൽകേണ്ട വർദ്ധനവ് (15%) |
|---|---|---|---|---|---|
| 1 | 521/A,B,C ,3 തമ്പാൻ ശങ്കരായിൽ | 288.12 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ /80 രൂപ | 23050 | 3458 |
| 2 | 314/B കാരമ്മ ജോർജ് | 256.53 | പാർപ്പിടാവശ്യം/6 രൂപ | 1539 | 231 |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/10.10.23)ലഭ്യമാക്കിയ മറുപടിയിൽ മേൽ കെട്ടിടങ്ങളുടെ തറനിർമ്മിതിയുടെ തരം ടൈൽ ആണെന്നും ആയത് മേൽത്തരം തറയായി പരിഗണിച്ചില്ലെന്നും അറിയിച്ചു. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 പ്രകാരം മൊസൈക്ക്, തറയോട്, സിമന്റ്, മറ്റേതെങ്കിലും സാധാരണവസ്തുക്കൾക്കൊണ്ട് നിർമ്മിച്ച തറ അഥവാ മൺതറക്ക മാത്രമാണ് വർദ്ധന വരുത്താതിരിക്കാവുന്നത്. തറനിർമ്മിതിയുടെ തരം സാധാരണ തറ തന്നെയാണോയെന്ന് ഉറപ്പുവരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 നികുതി വരവിനങ്ങളിലെ കുടിശ്ശിക

2022-23 വാർഷികധനകാര്യപത്രിക പ്രകാരം നികുതി വരവിനങ്ങളിൽ താഴെപ്പറയും പ്രകാരം കുടിശ്ശികയുള്ളതായി കാണുന്നു.

| ക്രമനമ്പർ | ഇനം | തുക |
|---|---|---|
| 1 | വസ്തുനികുതി (സെസ്സ് ഉൾപ്പെടെ) | 731396 |
| 2 | സ്ഥാപന തൊഴിൽ നികുതി | 18460 |
| | ആകെ | 749856 |

കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/10.10.23) ലഭ്യമാക്കിയ മറുപടിയിൽ നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. കുടിശ്ശിക പൂർണ്ണമായും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽനികുതി അടവാക്കുന്നതായി കാണുന്നില്ല.

| ക്രമനമ്പർ | സ്ഥാപനം | അടക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | കാനറാ ബാങ്ക് ഉദയനാപുരം | 1 |
| 2 | സപ്ലൈകോ ഉദയനാപുരം | 1,2 |
| 3 | ഉദയനാപുരം സർവ്വീസ് സഹകരണ ബാങ്ക് | 1 |

കൂടാതെ വാർഷിക ധനകാര്യപത്രികപ്രകാരം സ്ഥാപന തൊഴിൽനികുതിയിനത്തിൽ വരവുള്ള 29300 രൂപയുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല മേൽ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/10.10.2023) സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതോടൊപ്പം രജിസ്റ്റർ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി പരിപാലിക്കേണ്ടതുമാണ്.

1-18 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല.

2022-23 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അടക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | വൈക്കം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് ഉദയനാപുരം | 1 |
| 2 | ടി എസ് നം 28 ഇുറുവേലിക്കുന്ന് | 1 |
| 3 | ടി എസ് നം 34 ഇരുമ്പൂഴിക്കര | 1 |
| 4 | സപ്ലൈകോ ഉദയനാപുരം | 1 |
| 5 | അക്കരപ്പാടം യു പി എസ് | 2 |
| 6 | വില്ലേജ് ഓഫീസ് ഉദയനാപുരം,വടക്കേമുറി | 2 |
| 7 | എഫ് എച്ച് സി ഉദയനാപുരം | 1 |
| 8 | ഉദയനാപുരം സർവ്വീസ് സഹകരണ ബാങ്ക് | 1 |
| 9 | പോപ്പുലർ ഹ്യുണ്ടായ് വൈക്കം ഉദയനാപുരം | 1 |
| 10 | നിർമ്മിതി കേന്ദ്രം ഉദയനാപുരം | 1,2 |
| 11 | കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ഉദയനാപുരം | 1,2 |
| 12 | ഫിഷറീസ് ഓഫീസ് ഉദയനാപുരം | 1,2 |
| 13 | വിവിധ അക്ഷയ/ജനസേവന കേന്ദ്രങ്ങൾ | 1,2 |
| 14 | എം ജി എൻ ആർ ഇ ജി എസ് വൈക്കം ബ്ലോക്ക് പഞ്ചായത്ത് | 1 |
| 15 | എസ് സി ഡെവലപ്പ്മെന്റ് ഓഫീസ് വൈക്കം ബ്ലോക്ക് | 1 |

| | | |
|---|---|---|
| | പഞ്ചായത്ത് | |
| 16 | അസി.ഡയറക്ടർ കൃഷി ,വൈക്കം ബ്ലോക്ക് പഞ്ചായത്ത്. | 1 |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/10.10.23) മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-19 ലേലം--ലേലത്തുകയ്ക്ക് ആനുപാതികമായ ജി.എസ്.ടി ഈടാക്കിയില്ല.

കോട്ടയം അസി.ഫോറസ്റ്റ് കൺസർവേറ്ററുടെ 29.07.2022 ലെ എസ്.എഫ്.3.1852/2022 നമ്പർ ഉത്തരവ് പ്രകാരം ഉദയനാപുരം ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ നാനാടം മാർക്കറ്റിന് സമീപം നിന്നിരുന്ന പൂവാക മരം തുക -40458/- രൂപ, രണ്ടാം വാർഡിൽ ഇത്തിപ്പുഴ കുളത്തിലേയ്ക്ക് ചാഞ്ഞുനിൽക്കുന്ന ആഞ്ഞിലിമരം 1939/- രൂപ എന്നിങ്ങനെ വാല്യുവേഷൻ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. എട്ടാം വാർഡിൽ മറ്റം കോളനിയിൽ നിന്നിരുന്ന ആഞ്ഞിലിമരത്തിന് 67637/- രൂപ ജില്ലാ അസി.ഫോറസ്റ്റ് കൺസർവേറ്ററുടെ വാല്യുവേഷൻ ലഭിച്ചിട്ടുണ്ടെന്ന് 02.12.22 ലെ 7/2 നമ്പർ കമ്മിറ്റി തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വാല്യുവേഷൻ ഫയലിൽ ലഭ്യമല്ല.

മൂന്നാം വാർഡിൽ നാനാടം മാർക്കറ്റിന് സമീപത്തെ നിന്നിരുന്ന പൂവാക മരം (തുക -40458/- രൂപ) എട്ടാം വാർഡിൽ മറ്റം കോളനിയിൽ നിന്നിരുന്ന ആഞ്ഞിലിമരം (67637/- രൂപ) രണ്ട് മരം കൂടി ചേർത്ത് 1,08,095/- വാല്യുവേഷൻ ഇട്ടിരുന്നു എങ്കിലും 3 തവണ പരസ്യം ചെയ്തിട്ടും ലേലത്തിന് ആരും എത്താത്തതിനാൽ അപകടാവസ്ഥയിൽ ആയിരുന്ന മരം 02.12.2022 ലെ അടിയന്തിര യോഗം അജണ്ട -7 തീരുമാനം നം-1 പ്രകാരം ക്വട്ടേഷൻ പ്രകാരം നൽകുന്നതിന് തീരുമാനിച്ചു. ഉയർന്ന ക്വട്ടേഷൻ സമർപ്പിച്ച ശ്രീ.ജനാർദ്ദനൻ എന്നയാൾക്ക് 51225/- രൂപയ്ക്ക് ക്വട്ടേഷൻ ഉറപ്പിച്ചു നൽകി. വാല്യുവേഷൻ തുകയേക്കാൾ 56870/- രൂപ കുറവായാണ് ക്വട്ടേഷൻ അംഗീകരിച്ചത്.

3 തവണ ലേലം/ക്വട്ടേഷൻ നടത്തി എന്ന് കമ്മിറ്റി തീരുമാനം ഉണ്ടെങ്കിലും ആയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

02.12.2022 ലെ 7/1 നമ്പർ കമ്മിറ്റി തീരുമാനത്തിൽ 3 തവണ ലേലം നടത്തിയിട്ടും ആരും ലേലം ഉറപ്പിക്കാതിരുന്നതിനാൽ അപകടകരമായ അവസ്ഥയിൽ മരം ആയിരുന്നതുകൊണ്ട് വാല്യുവേഷൻ തുകയേക്കാൾ കുറഞ്ഞ നിരക്കിൽ ക്വട്ടേഷൻ അംഗീകരിയ്ക്കുന്നതിന് തീരുമാനിച്ചു എന്നു സർക്കാർ സാധൂകരണം ലഭിക്കുന്നതിന് നടപടി സ്വീകരിയ്ക്കുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. സർക്കാർ സാധൂകരണം ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ശ്രീ.ജനാർദ്ദനന്റെ 25.11.2022 ലെ ക്വട്ടേഷൻ പ്രകാരം ജി.എസ്.ടി. ഒഴിവാക്കി 51225/- രൂപയ്ക്ക് തടി എടുക്കുന്നതിന് സമ്മതമാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ലേല തുകയായ 51225+18% GST+5.25%FDT എന്നിവ ഈടാക്കേണ്ടതിനു പകരം 05.12.2022 ലെ രസീത് പ്രകാരം ലേലത്തുകയിൽ നിന്ന് 18% ജി.എസ്.ടിയായ 9220/- രൂപ പിടിക്കുകയാണ് ചെയ്തിരിക്കുന്നത്. ആയത് ക്രമപ്രകാരമല്ല. ടിയാനിൽ നിന്നും കുത്തകത്തുകയായ 51225/- രൂപയുടെ 18% GST തുകയായ 9220/- രൂപയും എഫ്.ഡി.റ്റി.ഇനത്തിൽ 5.25% തുകയായ 2689/- രൂപയും ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/11.10.2023) മറുപടി ലഭ്യമായില്ല.

ഗ്രാമപഞ്ചായത്തിന് വരവിനത്തിൽ ഉണ്ടായ നഷ്ടം 9220/- രൂപയും എഫ്.ഡി.റ്റി. ഇനത്തിൽ അടവാക്കേണ്ട 2689/- രൂപയും ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതും രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.
ലേല ഡയറി, ലേല രജിസ്റ്റർ, അനുബന്ധ ഫയലുകൾ എന്നിവ തയ്യാറാക്കി സൂക്ഷിയ്ക്കേണ്ടതാണ്.

1-20 വിവിധ കമ്മറ്റി തീരുമാനങ്ങൾ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

വിവിധ ലേലങ്ങൾ നടത്തി തുക ഈടാക്കുന്നത് സംബന്ധിച്ച് ചുവടെ ചേർക്കും പ്രകാരം ഗ്രാമപഞ്ചായത്ത്

കമ്മറ്റികളിൽ തീരുമാനമെടുത്തിട്ടുണ്ട്.

| ക്രമ നമ്പർ | കമ്മറ്റി | തീരുമാനം |
|---|---|---|
| 1 | 17.5.22 ലെ 1(7) | എം.സി.എഫ് കെട്ടിടത്തിന് മുകളിലേക്ക് അപകടാവസ്ഥയിൽ നിൽക്കുന്ന മരം മുറിച്ച് ലേലം ചെയ്യാൻ തീരുമാനിച്ചു. |
| 2 | 18.7.22 ലെ 1(7) 2.9.22 ലെ 1(4) | അസി.എഞ്ചിനീയറുടെ സർവ്വേ റിപ്പോർട്ട് പ്രകാരം ടൈൽസ്, ബ്രിക്സ് എന്നിവ ലേലം ചെയ്യാൻ തീരുമാനിച്ചു. |
| 3 | 18.7.22 ലെ 1(16) | വാർഡ് 15 ൽ ശ്രീനാരായണപുരം വിജാഗിരി ഫാക്ടറി റോഡിന്റെ അരികിൽ നിൽക്കുന്ന തെങ്ങ് മുറിച്ച് ലേലം ചെയ്യാൻ തീരുമാനിച്ചു. |
| 4 | 2.12.22 ലെ 4(2) | നേരേകടവ് മാക്കേക്കടവ് കടത്ത് സർവ്വീസ് നടത്തിയ ശ്രീ മാനവൽ വിനോദാലയം എന്നയാൾ 21-22 വർഷം വരുത്തിയ കുടിശ്ശികയായ 230833 /- രൂപ 18% പലിശ സഹിതം ഈടാക്കാൻ റവന്യൂ റിക്കവറി നടപടികൾക്ക് തുടർനടപടി സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. |
| 5 | 12.12.22 1(12) | ഇരുമ്പുഴിക്കര ഗവ. എൽ.പി.എസ് ലെ പാഴ്മരങ്ങൾ ലേലം ചെയ്യാൻ എച്ച്.എം നെ ചുമതലപ്പെടുത്തി തീരുമാനിച്ചു. |
| 6 | 30.12.22 1(5) | വാർഡ് 9 ലെ GHWLP വാഴമന സ്കൂളിലെ പഴയ കെട്ടിടം പൊളിച്ച് ലേലം ചെയ്യാൻ തീരുമാനിച്ചു |

മേൽ കമ്മറ്റിത്തീരുമാനങ്ങൾ നടപ്പാക്കിയതിന്റെയും തുക ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7/7.10.23 ) മറുപടി ലഭ്യമായില്ല. തുക ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-21 വാടക--പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1) 2022-23 വർഷത്തെ വാടക രജിസ്റ്റർ പ്രകാരം 12 മുറികളാണ് ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയിട്ടുള്ളത്. ചുവടെ ചേർക്കുന്ന വാടകക്കാരിൽ നിന്നും ഏപ്രിൽ, മെയ് മാസങ്ങളിൽ വാർഷിക വാടക വർദ്ധനവ് വരുത്താതെ വാടക ഈടാക്കിയിരിയ്ക്കുന്നു. ഓഡിറ്റ് എൻക്വയറി നം.1/06.10.2023 ന് ലഭ്യമാക്കിയ മറുപടിയിൽ കുറവായി ഈടാക്കിയ വാടക ഈടാക്കി അറിയിയ്ക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ.നം. | വാടകക്കാരന്റെ പേര്, റൂം നമ്പർ | ഈടാക്കേണ്ടിയിരുന്ന വാടക | ഈടാക്കിയ വാടക (രജിസ്റ്റർ പ്രകാരം) | കുറവ് വന്ന വാടക തുക |
|---|---|---|---|---|
| 1 | ഷാജി, നം.3/535 | 2315x12=27780 | 2205x2=4410<br>2315x10=23150 | 220 |

| | | | | |
|---|---|---|---|---|
| | | | 27560 | |
| 2 | ബഷീർ, എളന്താശേരിയിൽ റൂം.നം.3/536 | 1551x12=18612 | 1478x2=2956<br>1551x10=15510<br>18466 | 146 |
| 3 | ഷാജി, പെരുങ്ങായിൽ റൂം.നം.3/537 | 1633x12=19596 | 1556x2=3112<br>1633x10=16330<br>19442 | 154 |
| | ആകെ | | | 520 |

2) വാർഷിക ധനകാര്യപത്രിക പ്രകാരം 35792/- രൂപയാണ് തൻവർഷം വാടകയിനത്തിൽ കുടിശ്ശികയുണ്ട്. വാടക രജിസ്റ്റർ കാലികമാക്കാത്തതിനാൽ കുടിശ്ശിക വരുത്തിയ വാടകക്കാരുടെ വിശദാംശം ലഭ്യമല്ല. വാടകക്കാർ 5-ാം തീയതിയ്ക്ക് ശേഷമാണ് തുക അടയ്ക്കുന്നതെങ്കിൽ പിഴപ്പലിശ ഈടാക്കുന്നുണ്ടോ എന്ന് പരിശോധിയ്ക്കാൻ സാധിച്ചില്ല. വാടകക്കാരുടെ വിശദാംശം, കുടിശ്ശിക തുക ഈടാക്കിയതിന്റെ വിശദാംശം എന്നിവ അറിയിയ്ക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 1/06.10.2023) മറുപടി നൽകി.

3) ആകെ 12 മുറികളാണ് വാടകയ്ക്ക് നൽകിയിരിയ്ക്കുന്നത്. നാനാടം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 3/535 ഡി, 3/535 ബി എന്നീ രണ്ട് മുറികളുടെ വാടകക്കാരുമായി പഞ്ചായത്ത് നിയമാനുസൃതം കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. വ്യവസ്ഥകൾ എഴുതിച്ചേർത്ത് അധികൃതമാക്കാത്ത ബ്ലാങ്ക് മുദ്രപ്പത്രമാണ് മറ്റ് 10 വാടകക്കാരുടെയും ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. വാടകക്കുടിശ്ശിക വരുത്തുന്നപക്ഷം നിയമാനുസൃത കരാറിന്റെ അഭാവത്തിൽ നിയമനടപടി സ്വീകരിയ്ക്കാൻ സാധിക്കില്ല. അടിയന്തിരമായി വാടകക്കാരുമായി നിയമാനുസൃതം കരാറിൽ ഏർപ്പെടേണ്ടതാണ്.

4) 2022-23 ൽ മാർക്കറ്റ് ഫീസ് പിരിയ്ക്കുന്നതിന് 3 പേർക്കാണ് അവകാശം നൽകിയിരിയ്ക്കുന്നത്. അതിൽ ശ്രീ.ബൈജു വി എന്നയാൾ കുടിശ്ശിക വരുത്തിയിട്ടുള്ളതാണ്. 12950/- രൂപ കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിയ്ക്കേണ്ടതാണ്.

വാടക, മാർക്കറ്റ് ലേലം വരവ് എന്നിവയുടെ രജിസ്റ്റർ കാലികമാക്കി സൂക്ഷിയ്ക്കേണ്ടതും കുടിശ്ശിക തുക നിയമാനുസൃത കാലയളവിനുള്ളിൽ ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-22 റോഡ് കട്ടിംഗ് - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

റോഡ് കട്ടിംഗ് ചാർജ് ഈടാക്കുന്നത് സംബന്ധിച്ച് ചുവടെ ചേർക്കും പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മറ്റികളിൽ തീരുമാനമെടുത്തിട്ടുണ്ട്.

| ക്രമ നമ്പർ | കമ്മറ്റി | തീരുമാനം |
|---|---|---|
| 1 | 20.5.22 ലെ 10) | വാർഡ് 11 ൽ സബ്സ്റ്റേഷൻ സെന്റ് മേരീസ് ചർച്ച് റോഡിൽ ജിയോ ഡിജിറ്റൽ ഫൈബർ ലിമിറ്റഡ് ഒരു മീറ്റർ വീതിയിൽ റോഡ് കട്ട് ചെയ്യുന്നത് റീസ്റ്റോർ ചെയ്യാൻ 11,90,000/- രൂപയുടെ എസ്റ്റിമേറ്റ് മതിയാവില്ലെന്നും അതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ എ.ഇ യെ |

| | | |
|---|---|---|
| | | ച്ചുമതലപ്പെടുത്തി. |
| 2 | 25.10.22 ലെ 1(19) | സെന്റ് മേരീസ് ചർച്ച് നക്കംതുരുത്ത് റോഡിൽ OFC കേബിൾ സ്ഥാപിക്കുന്നതിന് 23,17,928/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചു. |
| 3 | 6.2.23 ലെ 1(7) | സെന്റ് മേരീസ് കോടാലിച്ചിറ റോഡ് കുഴിച്ച് OFC കേബിൾ സ്ഥാപിക്കുന്നതിന് 371000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചു. |

മേൽ കമ്മറ്റിത്തീരുമാനങ്ങൾ നടപ്പാക്കി തുക ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 6/7.10.23) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-23 പൊതുടാപ്പുകളുടെ വെള്ളക്കരം - അടവ് തുകയുടെ കൃത്യത വ്യക്തമല്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 66/23 |
| ചെലവ്, ഫണ്ടിനം | 978294/-<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ നമ്പർ, തീയതി | 32/18.7.22 = 459302 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ 4/22, 5/22, 6/22, 7/22 മാസങ്ങളിലെ വെള്ളക്കരം പ്രതിമാസം 129748/- രൂപ നിരക്കിൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. അതോടൊപ്പം ബിൽ നമ്പർ 32/18.7.22 പ്രകാരം നാളിതുവരെയുള്ള കുടിശ്ശികയായി 450523/- രൂപയും ഫൈൻ ഇനത്തിൽ 8779/- രൂപയുമുൾപ്പെടെ 459302 /- രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്.

കൃത്യമായി എല്ലാ മാസവും 129748/- രൂപ നിരക്കിൽ വാട്ടർ അതോറിറ്റിയിൽ തുക ഒടുക്കുന്നതാണ്. കുടിശ്ശിക വന്നത് ഏത് മാസത്തെയെന്ന് വ്യക്തമല്ല. ഫൈൻ ഒടുക്കേണ്ടിവന്ന സാഹചര്യവും രേഖാമൂലം വിശദീകരിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 5/7.10.23) നൽകുകയുണ്ടായി. കുടിശ്ശികതുക അടിയന്തിരമായി അടവാക്കാൻ പഞ്ചായത്ത് ഡയറക്ടർ 27.5.22ലെ PAN/7682/2022-F3(DP) പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തിലും നിർദ്ദേശിച്ചിരുന്നെന്നും പ്രസ്തുത നിർദ്ദേശത്തിൽ സൂചിപ്പിച്ചിരുന്ന കുടിശ്ശിക തുകയും ഫൈനുമാണ് അടവാക്കിയതെന്നുമാണ് ലഭിച്ച മറുപടി. കുടിശ്ശികതുകയുടെ വ്യക്തത വരാതെ ഫൈനുൾപ്പെടെ അടവാക്കിയത് ക്രമപ്രകാരമല്ല. അതിനാൽ 459302 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 കയർ ഗ്രൂപ്പുകൾക്ക് സബ്സിഡി.- ലോൺ തിരിച്ചടവ് വിശദാംശങ്ങൾ ഹാജരാക്കിയില്ല -100000/- തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ | |
| പ്രോജക്റ്റ് നം | 43/23, | 46/23 |
| ചെലവ് | 100000/- | 50000/- |
| ബിൽ നം | 1/22-23.15.06.22<br>4/22-23,28,08,22 | 2/22-23,10.06.22 |

പരമ്പരാഗത കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പഞ്ചായാത്തിലെ മൂന്ന് കയർ പിരിയൂണിറ്റുകൾക്ക് (ജനത കയർ പിരിയൂണിറ്റ്, ചിലങ്ക -വാർഡ്-16, കനകം ഗ്രൂപ്പ്-വാർഡ്-3) മേൽ

പ്രോജക്ടുകൾ പ്രകാരം 150000/-രൂപ (വായ്പ തുകയുടെ 50%) സബ്സിഡി അനുവദിച്ച് നൽകിയിട്ടുണ്ട്. ചിലങ്ക, ജനത യൂണിറ്റുകൾക്ക് ബാങ്ക് ലോൺ അനുവദിച്ചതിന്റെയും ലോൺ തിരിച്ചടച്ചതിന്റെയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-30/12.10.23) മറുപടി ലഭിച്ചില്ല. യൂണിറ്റുകളുടെ നിലവിലെ പ്രവർത്തി വിവരവും ലോൺ അനുവദിച്ചതിന്റെയും തിരിച്ചടച്ചതിന്റെയും വിശദാംശങ്ങളും പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവഴിച്ച 100000/-രൂപ തടസ്സപ്പെടുത്തുന്നു.

1-25 ജൽജീവൻമിഷൻ - തുടർ വിവരങ്ങൾ ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 106/23 |
| ചെലവ് , ഫണ്ടിനം | 300000/-<br>വികസനഫണ്ട് (ജനറൽ)<br>736634/-<br>തനത് ഫണ്ട് |
| ബിൽ നമ്പർ, തീയതി | 40/23.2.23<br>282/22.2.23 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മുൻവർഷങ്ങളിൽ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്ന തുകയിൽ പ്രവൃത്തികൾ നിർവ്വഹിച്ചശേഷം ബാലൻസുണ്ടായിരുന്ന 736634/- രൂപ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുകയുണ്ടായി. ജി.ഒ (എം.എസ്) 1785/22/ത.സ്വ.ഭ.വ തീയതി 25.7.22 പ്രകാരം ഗ്രാമപഞ്ചായത്ത് ടി തുകയും വികസനഫണ്ട് വിഹിതമായ 300000/- രൂപയും ചേർത്ത് ആകെ 1036634/- രൂപ ജൽജീവൻമിഷന് കൈമാറി. ജൽജീവൻ മിഷന്റെ നിർവ്വഹണത്തിനായി കേരളാ വാട്ടർ അതോറിറ്റി എക്സിക്യൂട്ടിവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ കടുത്തുരുത്തി ചുവടെ ചേർക്കും പ്രകാരം തുക ഡിമാന്റ് ചെയ്തിരുന്നു.

| ഫേസ് | അടങ്കൽ (ലക്ഷത്തിൽ) | പഞ്ചായത്ത് വിഹിതം (ലക്ഷത്തിൽ) | ഗുണഭോക്തൃ വിഹിതം (ലക്ഷത്തിൽ) | കണക്ഷനുകളുടെ എണ്ണം |
|---|---|---|---|---|
| 1 | 285.90 | 42.89 | 28.59 | 1801 |
| 4 | 359 | 53.85 | 35.90 | 350 |
| ആകെ | 644.90 | 96.74 | 64.49 | 2151 |

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്ത് വിഹിതമായി 96.74 ലക്ഷമാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിരിക്കുന്നത്. 11.10.22 ലെ കമ്മറ്റിയുടെ 1(16) നമ്പർ തീരുമാനപ്രകാരം ഗുണഭോക്തൃ വിഹിതം ഈടാക്കേണ്ടതില്ലായെന്നും തീരുമാനിച്ചിരുന്നു.

പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് നിലവിലെ അവസ്ഥ, പഞ്ചായത്ത് വിഹിതമായി നാളിതുവരെ കൈമാറിയ തുകകൾ, കൈമാറിയ തുകകളുടെ വിനിയോഗവിവരങ്ങൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3/7.10.23) മറുപടി ലഭ്യമായില്ല. അതിനാൽ 1036634/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26 മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ.

തൻവർഷം മെഡിക്കൽ ഓഫീസർ നിർവ്വഹിച്ച വിവിധ പ്രോജക്ടുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | അടങ്കൽ, ഫണ്ടിനം | ആകെ ചെലവ് തുക | രേഖകൾ ലഭ്യമാകാത്ത ചെലവ് | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | തുകകൾ | |
| 7/23 മരുന്ന് വാങ്ങൽ | 59539/- വികസനഫണ്ട് (ജനറൽ) 585159/- റോഡിതര സംരക്ഷണഗ്രാന്റ് | 644698/- | 30/29.3.23 = 25151/- 2/21.6.22 = 76751/- ആകെ = 101902 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള പ്രൊഫോർമ ഇൻവോയ്സ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. (ഇൻവോയ്സ് നമ്പർ PRF/5092/8.3.23 = 21511/-, PRF/5074 /8.3.23 = 3640/-, PRF/141/24.5.22 = 76751/-) പർച്ചേസ് ബില്ല് ലഭ്യമായില്ല. |
| 2/23 പാലിയേറ്റിവ് കെയർ | 600000/- വികസനഫണ്ട് (ജനറൽ) | 564192/- | 24/8.3.23 = 78033/- | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള പ്രൊഫോർമ ഇൻവോയ്സ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. (PRF/4472/15.2.23 = 78033/-) പർച്ചേസ് ബില്ല് ലഭ്യമായില്ല. പാലിയേറ്റിവ് കെയറിനായി വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. |
| 187/23 FHC രോഗനിർണ്ണയ സൗകര്യം മെച്ചപ്പെടുത്തൽ | 264733/- ഹെൽത്ത് ഗ്രാന്റ് | 194203/- | 507/28.3.23= 25586/- 405/27.3.23 = 54720/- | 1) 25586/- രൂപയുടെ ലാബ് റിയേജന്റ് വാങ്ങിയതിന്റെ പർച്ചേസ് ബില്ല്, സ്റ്റോക്ക് എൻട്രി എന്നിവ ഓഡിറ്റിന് ലഭ്യമായില്ല. 2) കേരള മെഡിക്കൽ |

| | | | | |
|---|---|---|---|---|
| | | | | സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള പ്രൊഫോർമ ഇൻവോയ്സ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. (PRF/5091/8.3.23 =27955/- , PRF/4815 /27.2.23 =7084/- ). SIDCO യ്ക്ക് 19681 /- രൂപ കൈമാറിയിട്ടുണ്ട്. പർച്ചേസ് ബില്ല്, സ്റ്റോക്ക് എൻട്രി എന്നിവ ഓഡിറ്റിന് ലഭ്യമായില്ല. |
| | | ആകെ | 260241/- | |

റിമാർക്സിൽ പരാമർശിച്ചിട്ടുള്ള അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 15/9.10.23) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 260241/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 ആസ്തി വാങ്ങൽ, ആസ്തി സംരക്ഷണം - തുടർവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ആസ്തി വാങ്ങൽ, ആസ്തി സംരക്ഷണം സംബന്ധിച്ച് ചുവടെ ചേർക്കും പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മറ്റികളിൽ തീരുമാനമെടുത്തിട്ടുണ്ട്.

| ക്രമ നമ്പർ | കമ്മറ്റി | തീരുമാനം |
|---|---|---|
| 1 | 21.11.22 ലെ 11 | ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാർഡ് 10 ലെ കുരിശ് പള്ളിക്ക് സമീപമുള്ള 50 സെന്റ് സ്ഥലത്തിന്റെ വില്ലേജിലെ കരം അടക്കാനും ആസ്തി അതിര് കല്ലിട്ട് സംരക്ഷിക്കാനും തീരുമാനിച്ചു. |
| 2 | 30.12.22 ലെ അജണ്ട 10 തീരുമാനം 8 | വൈക്കം താലൂക്ക് ഉദയനാപുരം വില്ലേജ് പടിഞ്ഞാറേക്കര മുറിയിൽ സർവ്വേ നമ്പർ 61/28-1 ൽ പെട്ട 35 സെന്റും 61/29 A യിൽ പെട്ട 53 സെന്റും ഗവ.എൽ പി.എസ് പടിഞ്ഞാറേക്കര സ്ഥിതിചെയ്യുന്ന ഭൂമിയാണ്. ആയത് പൊന്നും വിലക്കെടുത്തതാണെന്നതിനാൽ സെക്രട്ടറിയുടെ പേരിൽ ചേർത്ത് കരം അടക്കാൻ റെവന്യൂ അധികാരികളോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു. |

| | | |
|---|---|---|
| 3 | 6.2.23 ലെ അജണ്ട 12 തീരുമാനം 12 | ശ്രീ തങ്കപ്പൻ കണിയാംകുറ്റ് എന്ന വ്യക്തി വാർഡ് 5 ൽ അങ്കണവാടിക്ക് സ്ഥലം വിട്ട് നൽകാൻ തയ്യാറായി. സി.ഡി.പി.ഒ അനുയോജ്യതാ സാക്ഷ്യപത്രവും നൽകി. സ്ഥലം ആധാരം ചെയ്ത് സെക്രട്ടറിയുടെ പേരിൽ കരം അടക്കാൻ തീരുമാനം. |

മേൽ കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കി ആസ്തി പേരിലാക്കി സംരക്ഷിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 10/7.10.23) നൽകുകയുണ്ടായി. ക്രമ നമ്പർ 1 ന് ഭരണസമിതി തലത്തിൽ തുടർ നടപടി സ്വീകരിക്കുമെന്നും ക്രമ നമ്പർ 2 ന് റെവന്യൂ അധികാരികൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമായി. ക്രമ നമ്പർ 3 പ്രകാരമുള്ള സ്ഥലം നിലമാണെന്നും വസ്തു തരം മാറ്റുന്നതിന് ഉടമ അപേക്ഷ നൽകിയിട്ടുണ്ടെന്നും ആയതിനനുസരിച്ച് തുടർനടപടി സ്വീകരിക്കുമെന്നും മറുപടി ലഭ്യമായി. കമ്മറ്റിതീരുമാനങ്ങൾ നടപ്പാക്കി ആസ്തി സ്വന്തമാക്കിയതിന്റെയും സംരക്ഷിച്ചതിന്റെയും രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-28 എസ്.സി, എസ്.റ്റി പി.എസ്.സി പരിശീലനം - രേഖകൾ ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 203/23 |
| ചെലവ്, ഫണ്ടിനം | 18033/-<br>വികസനഫണ്ട് (എസ്.സി.പി) |
| ബിൽ നമ്പർ, തീയതി | 528/30.3.23 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. സെക്രട്ടറി |

പ്രോജക്റ്റിന്റെ നിർവ്വഹണത്തിനായി 18033/- രൂപ ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിൽ നിന്നുള്ള കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം, വിശദമായ പ്രോജക്ട് റിപ്പോർട്ട്, ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ലഭ്യമായില്ല.

അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/7.10.23) ഒരു ഗുണഭോക്താവിന് വേണ്ടി ജില്ലാപഞ്ചായത്തിന് കൈമാറിയ തുകയാണെന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലെന്നും മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 18033/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 അങ്കണവാടികളുടെ ഫിറ്റ്നെസ്സ് - തുടർ വിവരങ്ങൾ ലഭ്യമാക്കുക

2023-24 വർഷം അസി.എഞ്ചിനീയർ പരിശോധിച്ച ചുവടെ ചേർക്കുന്ന അങ്കണവാടികളുടെ ഫിറ്റ്നെസ്സ് സംബന്ധിച്ച് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്ന അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 24/11.10.23 ) നൽകുകയുണ്ടായി.

| അങ്കണവാടി നമ്പർ | വാർഡ് | റിമാർക്സ് |
|---|---|---|
| 84 | 1, അക്കരപ്പാടം | ടോയ്‌ലെറ്റ് ഫിറ്റല്ല. |
| 86 | 16, നേരേകടവ് | കെട്ടിടത്തിന് മെയിന്റനൻസ് ആവശ്യമാണ്. ഭിത്തിയിലും മതിലിലും വിള്ളലും പൊട്ടലുമുണ്ട്. |
| 121 | 2, കൊള്ളേരിമുക്ക് | ടോയ്‌ലെറ്റും കെട്ടിടത്തിന്റ പിൻഭാഗവും ഫിറ്റല്ല. |

ആയതിന് അങ്കണവാടി നമ്പർ 84 ന് പുതിയ കെട്ടിടം നിർമ്മിക്കാൻ 2024-25 വർഷം പ്രോജക്ട് രൂപീകരിച്ചിട്ടുണ്ടെന്നും (നമ്പർ 209/24) അങ്കണവാടി നമ്പർ 86 ന് മെയിന്റനൻസിനായി 128/24 ആയി പ്രോജക്റ്റ് രൂപീകരിച്ചിട്ടുണ്ടെന്നും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൊള്ളേരിമുക്ക് അങ്കണവാടി ക്ക് സ്വന്തം കെട്ടിടത്തിന് സ്ഥലം ലഭിക്കുവാനുള്ള ശ്രമത്തിലുമാണെന്ന് മറുപടി ലഭ്യമാക്കി. തൻവർഷം ഫിറ്റ്നെസ് ലഭിക്കാത്തതിനാൽ 84, 86 നമ്പർ അങ്കണവാടികൾ മറ്റ് കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അപാകതകൾ അടിയന്തിരമായി പരിഹരിച്ചശേഷം വിവരം അറിയിക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 24 അങ്കണവാടികളിൽ 15 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. ബാക്കിയുള്ള 9 അങ്കണവാടികൾക്ക് കൂടി സ്ഥലം വാങ്ങി കെട്ടിടം പണിയാൻ ശ്രമിക്കേണ്ടതാണ്.

## 1-30 ആസ്തി വിവരശേഖരണം - അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | 132/23 |
| അടങ്കൽ, ഫണ്ടിനം | 51000/-<br>വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 34000/- |
| ബിൽ നമ്പർ, തീയതി | 398/25.3.23 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മറ്റിയുടെ 14.9.21 ലെ യോഗത്തിന്റെ 4.11 നമ്പർ തീരുമാനപ്രകാരം വാർഡ് ഒന്നിന് 3000/- രൂപ നിരക്കിൽ KSREC തയ്യാറാക്കിയ R- TRACK ആപ്പ് ഉപയോഗിച്ച് റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാവുന്നതാണ്. ആയത് പ്രകാരം 17 വാർഡുകളിലെയും റോഡ് ആസ്തികളുടെ വിവരശേഖരണം നടത്തി ഡിജിറ്റൈസ് ചെയ്യുവാനാണ് പ്രോജക്ട് തയ്യാറാക്കിയത്. 26.11.22 ലെ 1(1) നമ്പർ തീരുമാനപ്രകാരം വാർഡ് ഒന്നിന് 3000/- രൂപ നിരക്കിൽ ശ്രീമതി സുരജ ശ്രീജിത്ത് എന്ന വ്യക്തിക്ക് കരാർ നൽകാൻ തീരുമാനിച്ചു. കരാർ പ്രകാരമുള്ള തുകയിൽ നിന്ന് പാർട്ട് ബില്ലായി 34000/- രൂപ കൈമാറുകയും ചെയ്തു. എന്നാൽ റോഡ് കണക്റ്റിവിറ്റി മാപ്പ്, ഭരണസമിതി അംഗീകരിച്ച റോഡ് ആസ്തികളുടെ ഡിജിറ്റൈസ് ചെയ്ത റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. പ്രോജക്ട് തൃപ്തികരമായി പൂർത്തിയാക്കിയതിന്റെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 21/11.10.23) നൽകുകയുണ്ടായി. റോഡ് വിവരങ്ങൾ രേഖപ്പെടുത്തി സമർപ്പിച്ച റിപ്പോർട്ടിന് (നമ്പർ 32/AE/UPT/22-23 DT 20.12.23) ഭരണസമിതി അംഗീകാരം നൽകിയിട്ടില്ലെന്നും കമ്മറ്റിത്തീരുമാനം ലഭ്യമായതിനുശേഷമേ ആസ്തി ഡിജിറ്റൈസേഷനൾപ്പെടെയുള്ള തുടർ പ്രവൃത്തികളിലേക്ക് കടക്കുകയുള്ളൂ എന്നും മറുപടി ലഭ്യമാക്കി. പ്രവൃത്തി പൂർത്തിയാക്കിയ ശേഷം വിവരം അറിയിക്കേണ്ടതാണ്. ആയതിലേക്കായി 34000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

2022-23 വർഷത്തെ വിവിധ പ്രോജക്ടുകളിൽ നിന്ന് കാലിവീപ്പയുടെ വിലയും ജി.എസ്.റ്റിയുമുൾപ്പെടെ 62232/- രൂപ (52534 + 9878 GST) തനത് ഫണ്ടിലലേക്ക് (അക്കൗണ്ട് നമ്പർ 67393217247) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക കണക്കിൽ RP5 ഷെഡ്യൂളിൽ ടി തുക വരവ് വന്നതായി ബുക്ക് ചെയ്തിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.10.2007 ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം കരാറുകാരുടെ ബില്ലിൽ നിന്നും ഈടാക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തിരികെ ഒടുക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത്

ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/ 12.10.23) മറുപടി ലഭ്യമായില്ല. തുക നിശ്ചിത ശീർഷകത്തിൽ തിരിച്ചടച്ചശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-32 മരുന്ന ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നം. | ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| ചെലവ് | 200000 |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ബിൽ നം. | 1/14.11.2022 |

ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ പ്രോജക്ടിലേയ്ക്കായി ഹോംകോ എന്ന സ്ഥാപനത്തിന് 200000/- രൂപ 14.11.2022 ൽ മേൽ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിരുന്നു. ഇൻവോയ്സ് നം. LF 238/21.09.22 പ്രകാരം 75793 രൂപയുടെ LF 1212/4.9.23 പ്രകാരം 53444/-രൂപയുടെയും മരുന്നുകൾ ലഭ്യമായി. എന്നാൽ 70763 രൂപയുടെ മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/07.10.2023) മറുപടി ലഭ്യമായില്ല. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്തശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് . മരുന്ന് ലഭ്യമാകുന്നതുവരെ 70763/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-33 അഗതിരഹിതകേരളം - പ്രോജക്ട് മന്ദഗതിയിൽ.

| | |
|---|---|
| പ്രോജക്ട് നമ്പർ | 96/23 |
| ചെലവ്, ഫണ്ടിനം | 100000/- വികസനഫണ്ട് (ജനറൽ) |
| ബിൽ നമ്പർ, തീയതി | 25/27.2.23 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. സെക്രട്ടറി |

അഗതിരഹിത കേരളം എന്ന പ്രോജക്ടിൽ 109 ഗുണഭോക്താക്കളാണ് നിലവിലുള്ളത്. തൻവർഷം വികസനഫണ്ടിൽ നിന്നും 100000/- രൂപ പിൻവലിച്ച് അഗതിരഹിതകേരളത്തിന്റെ അക്കൗണ്ടിലേക്ക് (നമ്പർ 4670101005937) നൽകിയിട്ടുണ്ട്. തൻ വർഷം മൂന്ന് തവണയായി 277846/- രൂപ ചെലവഴിച്ച് ആഹാരസാധനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ടിനായ് ചലഞ്ച് ഫണ്ട് ലഭിച്ചതായും കാണുന്നില്ല. വികസനഫണ്ടിൽ നിന്നും 25000/- രൂപ വീതം 5 ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ട്. നിലവിൽ ടി അക്കൗണ്ടിൽ 1706027/- രൂപ ബാലൻസുണ്ട്.

വികസനഫണ്ട് വിഹിതം ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 8/7.10.23) നൽകുകയുണ്ടായി. തുക ഉടൻ ചെലവഴിക്കുമെന്നാണ് ലഭ്യമാക്കിയ മറുപടി. അപാകത പരിഹരിച്ചശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തുക ചെലവഴിക്കാത്തപക്ഷം നിശ്ചിത ശീർഷകത്തിൽ തിരികെ ഒടുക്കേണ്ടതാണ്.

1-34 കന്നുകുട്ടിപരിപാലനം - വിനിയോഗവിവരം ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 126/23 |

| | |
|---|---|
| ചെലവ് , ഫണ്ടിനം | 1062500/-<br>വികസനഫണ്ട് (ജനറൽ) |
| ബിൽ നമ്പർ, തീയതി | 8/4.3.23 = 875000/-<br>11/3.3.23 = 187500/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

കന്നുകുട്ടിപരിപാലനം എന്ന പ്രോജക്ടിനായി തൻവർഷം 85 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. സംസ്ഥാനാവിഷ്കൃതവിഹിതമുൾപ്പെടെ 12500/- രൂപാ വീതമാണ് സബ്സിഡി നൽകിയത്. സബ്സിഡി തുക അസി.ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പഞ്ചായത്ത് കമ്മറ്റിയുടെ 6.2.23 ലെ 1(15) നമ്പർ തീരുമാനപ്രകാരം വല്ലകം ക്ഷീരോൽപ്പാദക സഹകരണസംഘത്തെ നിർവ്വഹണചുമതലയേൽപ്പിച്ചിട്ടുണ്ട്. 4/23 മുതൽ വിതരണം ആരംഭിച്ച പ്രോജക്ട് പൂർണ്ണമാകുന്നമുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-35 അധിക വിഭവ സമാഹരണം

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സാമ്പത്തികമാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി 8-1-21ലെ ജി.ഓ.പി നം 6/2021 ഫിൻ. നമ്പർ പ്രകാരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി ഉദയനാപുരം ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങൾ, ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടികൾ, വിവിധ വിഭവസ്രോതസ്സുകളിൽനിന്നുള്ള വരവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതിവിവരങ്ങൾ, കൂടാതെ ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്തിൽനിന്നും ലഭ്യമായ വിശദീകരണങ്ങൾ എന്നിവയുടെ വിലയിരുത്തലും വിഭവ സമാഹരണം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ചുള്ള ഓഡിറ്റിന്റെ നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു .വസ്തുനികുതിയിനത്തിൽ 2022-23 വാർഷികധനകാര്യപത്രിക പ്രകാരം 731396 രൂപ കുടിശ്ശികയുണ്ട്.നികുതി നിർണ്ണയത്തിലെ അപാകത മൂലം വരുമാനത്തിൽ കുറവുണ്ടാകുന്നുവെന്ന് 2022-23 ഓഡിറ്റ് വേളയിലെ പരിശോധനയിൽ വ്യക്തമായി.ഫീൽഡ് പരിശോധന ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിച്ച് കുടിശ്ശിക പൂർണ്ണമായും ഈടാക്കേണ്ടതും വസ്തുനികുതി നിർണ്ണയത്തിലെ പൊതു അപാകതകൾ പരിഹരിക്കേണ്ടതുമാണ്. വസ്തുനികുതി പരിഷ്കരണനടപടികൾ തുടർന്ന് വരുന്നു.ആയത് സംബന്ധിച്ച് കരട് വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനും ആക്ഷേപങ്ങൾ സ്വീകരിച്ച് അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ബാധകമായ തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. തൊഴിൽ നികുതി അടയ്ക്കാനുള്ള ജീവനക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നുണ്ടെങ്കിലും അപൂർണ്ണമാണ്. അഭിഭാഷകർ, കരാറുകാർ, റേഷൻ വ്യാപാരികൾ തുടങ്ങിയവരൊന്നും ഡാറ്റാബേസിൽ ഉൾപ്പെട്ടിട്ടില്ല.സ്ഥാപന തൊഴിൽ നികുതിയിനത്തിൽ 2022-23 വാർഷികധനകാര്യപത്രിക പ്രകാരം 18460 രൂപ കുടിശ്ശികയുണ്ട്.വാടക,ലേലം എന്നീ ഇനങ്ങളിൽ വരുമാനമുണ്ടെങ്കിലും മേൽ വരവുകൾ സംബന്ധിച്ച രജിസ്റ്ററുകൾ,രേഖകൾ എന്നിവയുടെ സൂക്ഷിപ്പിൽ നിരവധി അപാകതകൾ ഉള്ളതായി കാണുന്നു.ലേലനടപടികളുടെ സുതാര്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.ലഭ്യമാകുന്ന സർക്കാർ ഗ്രാന്റുകൾ പൂർണ്ണമായും വിനിയോഗിച്ച് വാർഷികപദ്ധതികളിൽ മാർഗ്ഗരേഖാനിർദ്ദേശങ്ങൾക്കനുസൃതമായി നാനാടം മാർക്കറ്റ് ,ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയുടെ കെട്ടിടസൗകര്യങ്ങളും മറ്റ് ഭൗതീകസാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് അനുയോജ്യമായ പ്രോജക്ടുകൾ

ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. ആയതിലൂടെ ലേലമിനത്തിലും വാടകയിനത്തിലും വർദ്ധിച്ച വരുമാനം ലഭ്യമാകുന്നതിനുള്ള തുടർനടപടികളും സ്വീകരിക്കാവുന്നതാണ്.മേൽ വിഷയങ്ങളിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ക്രിയാത്മകമായി ഇടപെടേണ്ടതാണ്.ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ടൂറിസം സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പച്ചത്തുരുത്ത്(124/23),ടൂറിസം ഡെസ്റ്റിനേഷൻ പ്രമോഷൻ(198/23) എന്നീ പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്.

1-36 വിവിധ പ്രോജക്ട് ചെലവുകൾ - വിനിയോഗ വിവരമില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

| പ്രോജക്ട് നമ്പർ, പേര് | അടങ്കൽ, ഫണ്ടിനം | ബിൽ നമ്പർ,തീയതി | ചെലവ് തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|
| 68/23 ഐ.കെ.എം വിഹിതം നൽകൽ | 118590/- വികസന ഫണ്ട് (ജനറൽ) | 9/16.9.22 = 97373<br>41/23.2.23 = 21217 | 118590/- | ഐ.കെ.എം |
| 67/23 എസ്.എസ്.എ വിഹിതം | 300000/-വികസന ഫണ്ട് (ജനറൽ) | 22/9.12.22 | 300000/- | എസ്.എസ്.എ കോട്ടയം |
| 31/23 വാർഡ് 10 ൽ ഐ.എച്ച്.ഡി.പി കോളനി സ്ട്രീറ്റ് ലൈൻ നീട്ടൽ | 199420/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 178/4.1.23 | 199420/- | അസി.എഞ്ചിനീയർ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ വൈക്കം |
| 29/23 വാർഡ് 13 ൽ ശ്രീമുരുകാ ലോഡ്ജ് സ്ട്രീറ്റ് ലൈൻ നീട്ടൽ | 98731/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 177/4.1.23 | 98731/- | അസി.എഞ്ചിനീയർ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ വൈക്കം |
| | | ആകെ | 716741/- | |

പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2/7.10.23) മറുപടി ലഭ്യമായില്ല. അതിനാൽ 716741/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-37 പോസ്റ്റ് ഷിഫ്റ്റിംഗ് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

വൗച്ചർനം-22201036/16.03.23

തുക -9913/-(തനത് ഫണ്ട്)

കണിയാടം റോഡ് -ഇലഞ്ഞിത്തറ ഭാഗത്ത് (വാർഡ്-5) കലുങ്ക് നിർമ്മാണത്തിന്റെ ഭാഗമായി രണ്ടു പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് 9913/- രൂപ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി കെ എസ് ഇ ബി, വൈക്കം സെക്ഷനിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-14(4)/7.10.23) നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗ

സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 9913/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-38 ലൈഫ് ഭവനപദ്ധതി എസ്.റ്റി - പൂർത്തിയാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് | 63/23, ലൈഫ് ഭവന പദ്ധതി (എസ് റ്റി) സ്പിൽ ഓവർ |
| അടങ്കൽ | 620000/- |
| ചെലവ് | 317000/- വികസനഫണ്ട് (ജനറൽ)<br>120000/- സംസ്ഥാന വിഹിതം<br>183000/- ജില്ലാപഞ്ചായത്ത് വിഹിതം<br>ആകെ 620000/- |
| നിർവ്വഹണോദ്യാഗസ്ഥ | അസി.സെക്രട്ടറി |

ലൈഫ് ഭവന പദ്ധതി (എസ് റ്റി) എന്ന പ്രോജക്ടിനായി തൻവർഷം വൽസല വേണു വെട്ടുവഴിയിൽ, ദാക്ഷായണി വെട്ടുവഴിയിൽ എന്നീ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയത്. ആയതിൽ തൻവർഷം 278500/- രൂപ കൈപ്പറ്റിയ വൽസല വേണു വെട്ടുവഴിയിൽ എന്ന ഗുണഭോക്താവ് 2023-24 ൽ ഭവനനിർമ്മാണം പൂർത്തീകരിച്ചു. എന്നാൽ 341500/- രൂപ കൈപ്പറ്റിയ ദാക്ഷായണി വെട്ടുവഴിയിൽ എന്ന ഗുണഭോക്താവ് നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഗുണഭോക്താവ് ഭവനനിർമ്മാണത്തിന്റെ അവസാന സ്റ്റേജിലാണെന്നും ഉടൻ പൂർത്തിയാക്കുമെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 23/11.10.23) ലഭ്യമായ മറുപടി. ഭവനനിർമ്മാണം പൂർത്തിയാക്കിയശേഷം വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-39 ലൈഫ് ഭവനപദ്ധതി (എസ്.സി) - അവലോകനം

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിവരുന്ന ലൈഫ് ഭവനപദ്ധതി (എസ്.സി) ഫേസ് 2, അഡീഷണൽ ലിസ്റ്റുകളിലായി നാളിതുവരെ 82 ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ചുവടെ ചേർക്കും പ്രകാരം രണ്ട് പ്രോജക്ടുകളിലായി ആകെ തൻ വർഷം 4120000 /- രൂപ ചെലവഴിച്ചിട്ടുണ്ട്.

1)

| | |
|---|---|
| പ്രോജക്ട് | 60/23, ലൈഫ് ഭവന പദ്ധതി (എസ് സി) Spill Over |
| അടങ്കൽ | 19849172/- |
| ചെലവ് | 640000/- സംസ്ഥാന വിഹിതം<br>220000/- ബ്ളോക്ക് വിഹിതം<br>400000/- ജില്ലാപഞ്ചായത്ത് വിഹിതം<br>ആകെ 1260000/- |

20

| | |
|---|---|
| പ്രോജക്ട് | 93/23, ലൈഫ് ഭവന പദ്ധതി (എസ് സി) |
| അടങ്കൽ | 10300000/- |
| ചെലവ് | 1440000/- വികസനഫണ്ട് (എസ് സി പി )<br>1420000/- ജില്ലാപഞ്ചായത്ത് വിഹിതം |

| | |
|---|---|
| | ആകെ 2860000/- |

ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവ് | വാർഡ് നമ്പർ | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | സുമതി, മുക്കത്ത് പടി | 11 | 40000 |
| 2 | ജിജിമോൻ, വളാലിൽ | 11 | 40000 |
| 3 | സതീഷ് കുമാർ കണിയാടത്ത് | 5 | 360000 |
| 4 | പ്രകാശൻ, തെങ്ങുംതറയിൽ | 16 | 40000 |
| 5 | രാജ്ജു കരേത്തറ | 15 | 40000 |
| 6 | വിജയമ്മ ഒതളത്തറ | 10 | 360000 |
| 7 | തെയ്യാമ്മ ചിറപ്പാട് | 8 | 360000 |
| 8 | ബിന്ദു അർജ്ജു നിവാസ് | 9 | 360000 |
| 9 | ബീനാകുമാരി, മഞ്ഞനാട് | 15 | 40000 |
| 10 | ഷൈലശ്രീ , വൈപ്പാർക്കാട്ട് | 1 | 40000 |
| 11 | അശ്വനി കരുണാകരൻ | 10 | 40000 |
| 12 | ഉമേഷ് കുഴിക്കാട്ടുംപള്ളിൽ | 6 | 40000 |
| 13 | ദേവരാജൻ ഇടക്കാട്ടിൽ | 1 | 40000 |
| 14 | പ്രിൻസ് അത്തിത്താഴം | 4 | 200000 |
| 15 | സുരേന്ദ്രൻ തിടാവ് നികർത്തിൽ | 15 | 40000 |
| 16 | ലീല സുരേന്ദ്രൻ തറയിൽ | 10 | 360000 |
| 17 | മാധവൻ കെ, പരുത്തിമുടിത്തറ | 12 | 40000 |
| 18 | മനോജ് കെ.കെ , കുഴിക്കാട്ട്ചിറ | 6 | 40000 |
| 19 | സന്ധ്യമഹേഷ് കിഴക്കേആറ്റുമംഗലത്ത് | 15 | 40000 |
| 20 | അനമോൾ | 2 | 360000 |
| 21 | മനോഹരൻ വഴുതക്കാട്ടിൽ | 12 | 360000 |
| 22 | ഗൗരികുഞ്ഞൻ മഠത്തിപ്പറമ്പിൽ | 3 | 40000 |
| 23 | ഗിരീഷ് കുമാർ, കണിയാന്തറ | 9 | 360000 |
| 24 | നീന അനന്തൻ , | 1 | 40000 |

| | | | |
|---|---|---|---|
| | വെള്ളിച്ചാലിൽ | | |
| 25 | ഷൈൻകുമാർ പണ്ടാരക്കണ്ടം | 1 | 40000 |
| 26 | ചന്ദ്രൻ റ്റി.എസ്, തൈവേലിക്കകത്ത് | 6 | 40000 |
| 27 | തിലകൻ കണ്ണംകേരിൽ | 3 | 40000 |
| 28 | അശ്വതി കെ, തേവർപടവിൽ | 15 | 40000 |
| 29 | അഭിലാഷ് കരിമലേക്കാട് | 16 | 40000 |
| 30 | ഹരിദേവ് എച്ച്, ദേവ് നിവാസ് | 2 | 200000 |
| 31 | ഇന്ദിരാ പൊന്നപ്പൻ, വടക്കേവാഴമന | 8 | 40000 |
| 32 | കുഞ്ഞുമണി കണിയാന്തറ | 5 | 40000 |
| 33 | രാഹുൽ മുക്കണവേലിൽ | 1 | 40000 |
| 34 | കൃഷ്ണനുണ്ണി തൊഴമഠം | 10 | 40000 |
| 35 | പ്രമോദ് കുഞ്ഞപ്പൻ | 9 | 360000 |
| 36 | രമേശൻ കുടകത്തിൽ | 8 | 360000 |
| 37 | സുനിത പുതുവൽനികർത്ത് | 17 | 360000 |
| 38 | തങ്കമണി പൊന്നപ്പൻ, പാങ്ങാട് | 10 | 360000 |

ഭവന നിർമ്മാണം പൂർത്തിയാക്കാതെ അവശേഷിക്കുന്ന 24 ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന്റെ ആദ്യഗഡു മാത്രം കൈപ്പറ്റിയവരാണ്. മറ്റ് ഗുണഭോക്താക്കൾ അവസാന ഗഡു കൈപ്പറ്റാനുള്ളവരാണ്. ടി ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 22/11.10.23) നൽകുകയുണ്ടായി. ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം ഗ്രാമപഞ്ചായത്ത് കമ്മറ്റിയിൽ ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതാണെന്നും പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. വിഷയത്തിൽ ഭരണസമിതി ഇടപെടേണ്ടതും ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം പൂർത്തിയാക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം 40000/- രൂപവീതം മുൻകൂർ കൈപ്പറ്റി യാതൊരു പ്രവൃത്തിയും ചെയ്യാത്ത ഗുണഭോക്താക്കളിൽ നിന്ന് തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-40 ലൈഫ് ഭവന പദ്ധതി അവലോകനം

ലൈഫ് ഭവന പദ്ധതി 2020

ലൈഫ് ഭവന പദ്ധതി 2020 ന്റെ നിർവ്വഹണത്തിനായി തൻ വർഷം ജനറൽ (പ്രോജക്ട് നം-122/23), പട്ടികജാതി (പ്രോജക്ട് നം-206/23) വിഭാഗങ്ങളിലായി രണ്ടു പ്രോജക്ടുകൾ നടപ്പിലാക്കി.

1. പ്രോജക്ട് നം-122/23 (ജനറൽ)

ലൈഫ് ഭവന പദ്ധതിയുടെ പുതിയ പ്രോജക്ട് ലൈഫ് 2020 ൽ 487 ഗുണഭോക്തക്കൾക്കും ഫെയ്സ്-2 ലെ 2 ഗുണഭോക്താക്കൾക്കും ഫെയ്സ്-3 ലെ 5 ഗുണഭോക്താക്കളെയും ഉൾപ്പെടുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. കരാർ വെച്ച 86 ഗുണഭോക്താക്കളിൽ ഒരാൾ ഇതിനോടകം നിർമ്മാണം പൂർത്തികരിക്കുകയും മറ്റ് ഗുണഭോക്താക്കൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. തൻവർഷം മൂന്ന്

ഫണ്ടിനങ്ങളിൽ നിന്നുമായി 3300000/-രൂപ (പ്ലാൻഫണ്ട് -3150000, സംസ്ഥാനവിഷ്കൃതഫണ്ട് - 50000/-, ലോൺ-100000/-) ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തികരിക്കുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതാണ്.

2. പ്രോജക്ട് നം- 206/23 (പട്ടികജാതി)

ലൈഫ് ഭവന പദ്ധതിയുടെ പുതിയ പ്രോജക്ട് ലൈഫ് 2020 ൽ 172 ഗുണഭോക്താക്കളിൽ 50 ഗുണഭോക്താക്കൾ പഞ്ചായത്തുമായി കരാറിലേർപ്പെട്ടു. ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. തൻ വർഷം ആകെ 100000/- ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തികരിക്കുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതാണ്.

3. ലൈഫ് ഭവന പദ്ധതി ഫെയസ് - 2 (ജനറൽ) നിർമ്മാണം പൂർത്തികരിച്ചിട്ടില്ല.

ലൈഫ് ഭവന പദ്ധതി ഫെയ്സ് - 2 ജനറൽ വിഭാഗത്തിന്റെ നിർവ്വഹണചുമതല വി.ഇ.ഒ യ്ക്കായിരുന്നു. ലൈഫ് ഭവന പദ്ധതി ഫെയ്സ് - 2 ഉൾപ്പെട്ട 233 ഗുണഭോക്താക്കളിൽ 231 പേർ പഞ്ചായത്തുമായി കരാറിലേർപ്പെടുകയും ധനസഹായം കൈപ്പറ്റുകയും ചെയ്തു. 228 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തികരിച്ചു. മൂന്ന് ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. ടി ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് വിവരം | കൈപ്പറ്റിയ തുക |
|---|---|
| ഗീത ദിലീപ് , ഇടപറമ്പ്-14 | 300000/- അടിത്തറ |
| സുലോചന ബാബു, മഠത്തിൽ പുത്തൻ പറമ്പ് -4 | 340000/- റൂഫ് |
| ഷീന ഷാജി, പൂജത്തറ-17 | 200000/-അടിത്തറ |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 14/07/2023-ലെ 1(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ്വെയർ മുഖേന ഓൺലൈനായി ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 06/10/2023, 07/10/2023 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2022-23 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം അനുബന്ധം-3,

4, 5 ആയി ചേർത്തിരിക്കുന്നു.

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

2022-23 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 2393000/- രൂപയും വൈക്കം ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 1362000/- രൂപയും ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | വയോജനങ്ങൾക്ക് ആയുർവേദ മരുന്നുവാങ്ങൽ – 196/23 | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 50000 | EPIP വീട് അറ്റകുറ്റപ്പണികൾ എസ് സി – 207/23 | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 350000 | ഇ പി ഐ പി വീട് അറ്റകുറ്റപ്പണികൾ – 192/23 | 350000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 150000 | അംഗൻവാടികൾക്ക് പോഷകാഹാരവിതരണം-19/23 | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 242000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും ബത്തകളും – 82/23 | 242000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 250000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി – 85/23 | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 220000 | ലൈഫ് ഭവന പദ്ധതി എസ് സി -60/23 | 220000 | 0 |
| ആകെ | 1362000 | | 1362000 | 0 |
| ജില്ലാ പഞ്ചായത്ത് | 1420000 | ലൈഫ് ഭവന പദ്ധതി എസ് സി -93/23 | 1420000 | 0 |
| ജില്ലാ പഞ്ചായത്ത് | 400000 | ലൈഫ് ഭവന പദ്ധതി എസ് സി -60/23 | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 183000 | ലൈഫ് ഭവന പദ്ധതി എസ് സി -63/23 | 183000 | 0 |
| ജില്ലാ പഞ്ചായത്ത് | 90000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും ബത്തകളും – 82/23 | 90000 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | അംഗൻവാടികൾക്ക് പോഷകാഹാരവിതരണം-19/23 | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി – 85/23 | 200000 | |

| | | | | |
|---|---|---|---|---|
| ആകെ | 2393000 | | 2393000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവഹണ ഏജൻസി | പ്രോജക്ട് നമ്പർ,പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി. | 31/23 വാർഡ് 10 ൽ ഐ.എച്ച്.ഡി.പി കോളനി സ്ട്രീറ്റ് ലൈൻ നീട്ടൽ | 199420/- | 0 | 199420/- |
| 2 | " | 29/23 വാർഡ് 13 ൽ ശ്രീമുരുകാ റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ | 98731/- | 0 | 98731/- |
| 3 | കേരളാ വാട്ടർ അതോറിറ്റി | 106/23 ജൽജീവൻമിഷൻ | 1036634/- | 0 | 1036634/- |
| 4 | " | 5/23 പൊതുടാപ്പ് വിഛേദിക്കൽ | 208000/- | 208000/ | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ.

2022-23 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു. ലൈഫ് ഭവന വായ്പ പലിശയിനത്തിൽ ലഭ്യമായ 1182 രൂപ വായ്പ തുകയോട് കൂടെ അക്കൗണ്ട് ചെയ്തതിനാൽ ബി 5 ഷെഡ്യൂൾ (Secured Loans), ബി 15 ഷെഡ്യൂൾ(Prepaid Expenses) എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി (കെ.യു.ആർ.ഡി.എഫ്.സി. ലോൺ) | ജി ഒ(എം.എസ്) 68/2018, 18.05.2018, ജി ഒ(എം.എസ്) 100/2018, | 100000 | 34054013 | 4986933 | --- | 29167080 |

| | 30.07.2018 | | | | | |
|---|---|---|---|---|---|---|

4-6 സ്ഥിരനിക്ഷേപങ്ങൾ

പഞ്ചായത്തിൽ സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് റിക്കവറി സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 2013-14 | വിഷയാധിഷ്ഠിത അവലോകനംതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രീയ ആസ്തികൾ | 2014-15 | 4-1-5 | എസ് സി വർക്ക് ഷെഡ് വ്യവസായങ്ങൾ തുടങ്ങിയിട്ടില്ല. | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്, |
| 2015 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് ഖണ്ഡിക നം-5 | 2015-16 | 3-6-2 | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പട്ടികജാതി പട്ടികവർഗ വികസനപദ്ധതി നിർവ്വഹണം/വാഴമനഭാഗത്ത് എസ് സി സങ്കേതത്തിലേക്ക് വഴിസൗകര്യം ഇല്ല. | ” |
| 2015- | പ്രവർത്തനക്ഷമതാ റിപ്പോർട്ട് ഖണ്ഡിക നം-4 | 2015-16 | 3-7-11 | എസ് സി/ എസ് റ്റി കർമ്മ സമിതി തീരുമാനങ്ങൾ നടപ്പിലാക്കിയില്ല. | ” |
| 2014-15 | 2-2 | 2016-17 | അനുബന്ധം-3 | വസ്തുനികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല | ” |
| 2014-15 | 2-3 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | ” |
| 2019-20 | 1-22 | 2020-21 | അനുബന്ധം-1 | സാമൂഹ്യ സുരക്ഷ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം | |

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ(രസീത് & പേയ്മെന്റ് പ്രകാരം) | : | 54900120 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(രസീത് & പേയ്മെന്റ് പത്രിക പ്രകാരം) | : | 35886476 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 193754814 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 199902958 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2671627 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വരവ്/ചെലവ് നഷ്ടം പ്രതിപാദിച്ചിട്ടില്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 459302 | ആശാ റാണി റ്റി, സെക്രട്ടറി |
| 1-24 | 100000 | പ്രവീൺകുമാർ എൽ |
| 1-25 | 1036634 | ആശാ റാണി റ്റി, സെക്രട്ടറി |
| 1-26 | 260241 | ഡോ.പ്ലസൻ ജോയ്, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 1-28 | 18033 | റംല എ വി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-30 | 34000 | രേഖ ടി നായർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-32 | 70763 | ഡോ.സിമി സി.എസ്., മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-36 | 716741 | ആശാ റാണി റ്റി, സെക്രട്ടറി |
| 1-37 | 9913 | ആശാ റാണി റ്റി, സെക്രട്ടറി |
| ആകെ | 2705627 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 98-99 | കെ.എസ്.എ.കെ.റ്റി.എം/പി6/675/16 /1.10.2016 | 3 |
| 99-00 | കെ.എസ്.എ.കെ.റ്റി.എം/പി6/678/16 /25.08.2016 | 1 |
| 2000-01 ചെലവ് | എൽ.എഫ്.കെ.പി1/960 അദാ/എഫ്6 /11-31.08.11 | 1 |
| 2000-01 വരവ് | എൽ.എഫ്.കെ.പി1/960 അദാ/എഫ്.6 /11(6)/31.08.11 | 1 |
| 02-03 ചെലവ് | കെ.എസ്.എ.കെ.റ്റി.എം/പി6/1002(1) /17/30.12.2017 | 10 |
| 2003-04 | കെ.എസ്.എ.കെ.റ്റി.എം/പി6/(അദാ-18)/37(1)2018, 08.01.18 | 4 |
| 2004-05 | കെ.എസ്.എ.കെ.റ്റി.എം/പി6/1002(3) /17/30.12.2017 | 4 |
| 2005-06 | കെ.എസ്.എ.കെ.റ്റി.എം/പി6/2552/22 /31.03.23 | 5 |
| 2006-07 | കെ.എസ്.എ.കെ.റ്റി.എം/പി6/അദാ 22/375 (2)/22/20.08.22 | 6 |
| 2007-08 | കെ.എസ്.എ.കെ.റ്റി.എം/പി6/അദാ 22/375(3)/22/20.08.22 | 10 |
| 2009-10 2010-11 | കെ.എസ്.എ.കെ.റ്റി.എം/പി6/അദാ 18/37(6) /18/08.01.18 | 8 |
| 2011-12 | കെ.എസ്.എ.കെ.റ്റി.എം/പി6/അദാ 22/375(4)/22/20.08.22 | 9 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി 6/അദാ 33/375(5)/22/20.08.22 | 21 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.ടി.എം.പി 6/348/2018 /20.02.18 | 4 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി6/1928 /16/03.01.23 | 10 |
| 2016-17 | കെ.എസ്.എ.കെ.റ്റി.എം/പി6/അദാ 22/1454/22/20.08.22 | 9 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.6/401 /19/24.08.22 | 13 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.6/23 /20/27.10.22 | 30 |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി.6/766 /21/29.11.22 | 19 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി.6/1712 /21/26.10.22 | 26 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി.6/414 /23/31.03.2023 | 40 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number I(1) dated 14-07-2023 and submitted on 15-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Udayanapuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Udayanapuram Grama Panchayat for the year 2022-2023

Date: 28/11/2023

Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Udayanapuram Grama Panchayat for the Year 2022-2023.

**1.Major Observations**

1. Non-Disclosure of Assets. Assets not classified and evaluated. Asset register has not updated.
2. Non-Disclosure of Capital Contribution. Capital Contribution Register and details not kept. Amount used for Asset creation using specific grant not transferred to capital contribution.
3. General Fund Details not maintained. Source data not available for the value of total General Fund as on 31 03 2023.
4. Amount deposited in Kerala Water Authority for Jaljeevan Mission (Rs. 300000) not included in AFS.

**2.Other Observations**

1. Accrual accounting of contingent expenditures for the year booked in a single liability account head eventhough proper accounting heads available.
2. Government and Other dues register is not kept.

3. Ratios on various financial performance as prescribed in accounting rules are not generated and submitted for audit.

4. Depreciation calculation worksheet for assests is not provided by the secretary.

5.The register showing the details of Capital Work in Progress is not kept.

6. Reconciliation of treasury account not completed

7. Income/Expenditure amount of MGNREGS in cash book does not match with AFS Schedule.

8. Documents and Registers for verification Tax and Non Tax revenues not provided.

9.Misclassification of receipts - Auction revenue accounted in ÂReceipts From Panchayath Schools.

10. Documents for verification of accuracy of assets accounted not provided.

11. The accuracy of balance of District Panchayath/Block Panchayath share for Joint Venture projects as per B4 schedule does not match with Treasury Accounts.

12.Notes on account of Prior Period Income/Expenditure not certified and included in AFS.

13. Misclassification of receipts-Health grant receipts not accounted in proper account Head .

14. Balances of advances not accounted in respective account heads ( honorarium to Saksheratha Prerek, pre-monsoon campaign, MGNREGS ).

15. Details regarding amount accounted as beneficiary contribution as per B4 Schedule not made available for audit.

16.Cost of Empty Barrels not accounted as own fund receipt.

17. Refund of Suchithwa Mission Grant wrongly accounted in own fund receipts head.

Deputy Director
District Office Kottayam
Kerala State Audit Departmen

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്